# നിസ്കാരം

## (പാർത്ഥന)



പുതു മുസ്‌ലിംകൾക്ക് വഴികാട്ടി

# നിസ്കാരം

## (പ്രാർത്ഥന)

### പുതു മുസ്‌ലിംകൾക്ക്  വഴികാട്ടി

**ഓഗസ്റ്റ് 2023**

പകർപ്പവകാശം
രചനയും പ്രസിദ്ധീകരണവും

Islamic Information Center
مركز التعريف بالإسلام
**ഇസ് ലാമിക് ഇൻഫ്രമേഷൻ സെൻറർ**
സുൽത്താൻ കാബൂസ് ഗ്രാന്റ് മസ്ജിദ് മസ്കത്ത്
ഒമാൻ
ടെലിഫാക്സ്.  (968) 2450 5170
www.iicoman.om

# ഉള്ളടക്കം


ആമുഖം .................................................................... 1

അധ്യായം ഒന്ന്.  മുഖവുര .................................................. 2

അധ്യായം രണ്ട് . ത്വഹാറ ( ശുചീകരണം) ................................ 4

- മാലിന്യങ്ങൾ
- ആചാരപരമായ മാലിന്യങ്ങൾ

അധ്യായം മൂന്ന് . വുളൂഅ് (അംഗസ്നാനം) ............................... 8

- വുളൂഅ്
- തയമ്മും
- വുളൂഅ് അസാധുവാക്കുന്ന പ്രവർത്തനങ്ങൾ

അധ്യായം നാല്. സ്വലാത്ത് (പ്രാർത്ഥന) ................................... 16

- നിസ്കാരത്തിന്റെ ഇനങ്ങൾ
- നിസ്കാരത്തിന്റെ സമയം
- എങ്ങനെ നിസ്ക്കരിക്കാം
- ഒറ്റക്ക് നിസ്ക്കരിക്കേണ്ട രീതി

അധ്യായം അഞ്ച് സംഘടിത നിസ്കാരം .............................. 21

അധ്യായം ആറ് സ്ത്രീകളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ..... 25

അധ്യായം ഏഴ് നിസ്കാരം ഇസ്ലാമിക കർമ്മ ശാസ്ത്ര ധാരകളിലെ വിവരണങ്ങൾ ....................................................................... 27

അധ്യായം എട്ട് മര്യാദകളും ചില പ്രശ്നങ്ങളും ...................... 29

അധ്യായം ഒൻപത് നിസ്കാരത്തിന്റെ ഘട്ടങ്ങൾ ..................... 35

അധ്യായം പത്ത് നിഘണ്ടു ........................................................ 46




**അതിനാല് നീ അല്ലാഹുവെ ഭരമേല്പിച്ചു കൊള്ളുക. തീര്ച്ചയായും നീ സ്പഷ്ടമായ സത്യത്തില് തന്നെയാകുന്നു** ***(ഖുർആൻ 27:79)***

# മുന്നുരെ

ഇസ്ലാമിക ആരാധനകളിൽ നിസ്കാരം എറ്റവും ശ്രേഷ്ഠകരമായ ഉപാസനയാണ്. മുഹമ്മദ് നബി -അദ്ദേഹത്തിന് സമധാനവും രക്ഷയും ഉണ്ടാകട്ടെ. പറഞ്ഞു.[1] എല്ലാത്തിനും ഒരു നടു തൂൺ ഉണ്ട്. മതത്തിന്റെ നടു തൂൺ നിസ്കാരമാണ്. മറ്റൊരു വചനം വായിക്കുക. തിരുമേനി പറഞ്ഞു. വിചാരണ നാളിൽ ആദ്യം ചോദിക്കപ്പെടുന്നത് നിസ്കാരങ്ങളെക്കുറിച്ചാണ്[2].

ദൈവോന്മുഖമായും, ഭയഭക്തിയിലുമായി ദൈനദിന ജീവിതം ക്രമീകരിക്കാനുള്ള മാർഗ്ഗമാണ് നിസ്കാരം. ഈ ഒരു ബോധം സകല തിന്മകളിൽ നിന്നും പരിരക്ഷണം നൽകുന്ന കവചമാണെന്ന് ഖുർആൻ ഉൽബോധനം ചെയ്യുന്നുണ്ട്. ഖുർആൻ പറയുന്നു

وَأَقِمِ ٱلصَّلَوٰةَۖ إِنَّ ٱلصَّلَوٰةَ تَنْهَىٰ عَنِ ٱلْفَحْشَآءِ وَٱلْمُنكَرِ

**വേദഗ്രന്ഥത്തിൽ നിന്നും നിനക്ക് ബോധനം നൽകപ്പെട്ടത് ഓതി കേൾപ്പിക്കുകയും നമസ്കാരം മുറപോലെ നിർവഹിക്കുകയും ചെയ്യുക. (ഖുർആൻ 29:45)**

ഈ ദൈവബോധം സ്രഷ്ടാവോടും, മനുഷ്യരാശിയോടും നാം നിർവഹിക്കേണ്ട ഉത്തരവാദിത്വങ്ങളെ നിരന്തരം ഓർമ്മപ്പെടുത്തുന്നു. ആയതിനാൽ ഇസ്ലാമിൽ വളരെ പ്രധാന്യമർഹിക്കുന്ന ആരാധനയാണ് നിസ്കാരം. പുതുതായി ഇസ്ലാമിലേക്ക് കടന്നു വന്ന വ്യക്തിയെ സംബന്ധിച്ച് അനിവാര്യമായും നിസ്കാരത്തെ ക്കുറിച്ച് പഠിച്ചിരിക്കേണ്ടതുണ്ട്. അവൻ/അവൾ നിർബ്ധമായും നിർവഹിക്കേണ്ട ഇസ്ലാമിന്റെ പഞ്ചസ്തംഭങ്ങിൽ ഒന്നായ ആരാധന കർമ്മമാണല്ലോ നിസ്കാരം. പുതിയ മുസ്ലിം വിശ്വാസിക്കൾക്ക് നിസ്കാരത്തെ ക്കുറിച്ച് അറിഞ്ഞിരിക്കേണ്ട ആത്യവശ്യ കാര്യങ്ങളെ കൃത്യമായി വിവരിക്കുക എന്ന ലക്ഷ്യത്തിലാണ് ഈ പുസ്തകം വിരചിതമായത്. അതോടൊപ്പം അവർക്ക് നിസ്കാരത്തിന്റെ മറ്റു വശങ്ങളെക്കുറിച്ചും, ഇസ്ലാമിലെ മറ്റു ആരാധന കർമ്മങ്ങളെ ക്കുറിച്ചും(അനിവാര്യമായി അറിയേണ്ടവയെ) കുടൂതൽ പഠിക്കാൻ പ്രോത്സാഹിപ്പിക്കുന്നു.

നിസ്കാരത്തിന്റെ സ്വീകാര്യതയ്ക്ക് നിർബ്ബമായും പാലിക്കേണ്ട നിബന്ധനകൾ, അഞ്ചു നേരത്തെ നിസ്കാരം, വെള്ളിയാഴ്ച്ച ദിവസത്തിലെ ജുമുഅ: നിസ്കാരം, സുന്നത്ത് നിസ്കാരങ്ങൾ എന്നിവയുടെ വിവരണങ്ങൾ ഈ പുസ്തകത്തിൽ ഉൾപെടുത്തിയിട്ടുണ്ട്. റമളാൻ ദിവസത്തിലെ തറാവീഹ് നിസ്കാരം, മയ്യിത്ത് നിസ്കാരം, പെരുന്നാൾ നിസ്കാരം തുടങ്ങിയ മറ്റു നിസ്കാരങ്ങളെപ്പറ്റിയുള്ള വിശകലനം ഈ പുസ്തകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. ഈ വിശഷങ്ങൾക്കായി നിസ്കാരങ്ങളെക്കുറിച്ചുള്ള മറ്റു പുസ്തകൾ ഉപയോഗപ്പെടുത്തുക.

1 ഈ ഹദീസ് നിവേദനം ചെയ്തത് ഇമാം അൽ റബീഅ് ആണ്.
2 ഈ ഹദീസ് നിവേദനം ചെയ്തത് ഇമാം തുർമുദിയാണ്.

# അധ്യായം ഒന്ന് - ആമുഖം

1. ഇസ്ലാമിന്റെ പഞ്ച സ്തംഭങ്ങളിൽ രണ്ടാമത്തേത് നിസ്കാരമാണ്. ഒരു പാട് ഖുർആനിക സൂക്തങ്ങളിലായി അല്ലാഹു 'നിസ്കാരം മുറപോലെ നിർവഹിക്കാൻ കൽപ്പിച്ചിട്ടുണ്ട്. ഉദാഹരത്തിനായി ഒരു സൂക്തം നമുക്ക് വായിക്കാം അല്ലാഹു പറയുന്നു[3]

فَأَقِيمُوا۟ ٱلصَّلَوٰةَ ۚ إِنَّ ٱلصَّلَوٰةَ كَانَتْ عَلَى ٱلْمُؤْمِنِينَ كِتَـٰبًا مَّوْقُوتًا

**നിങ്ങൾ നമസ്കാരം മുറപ്രകാരം നിർവഹിക്കുക . തീർച്ചയായും നമസ്കാരം സത്യവിശ്വാസികൾക്ക് സമയം നിർണയിക്കപ്പെട്ട ഒരു നിർബന്ധബാധ്യതയാകുന്നു (ഖുർആൻ 4:103)**

മുഹമ്മദ് നബി (സ) പറഞ്ഞിട്ടുണ്ട്[4]

**സത്യ വിശ്വാസിയെയും,അവിശ്വാസിയെയും വേർതിരിക്കുന്നത് നിസ്കാരമാണ്. വല്ല ഒരുത്തനും നിസ്കാരം ഉപേക്ഷിച്ചാൽ അവൻ അവിശ്വാസിയാകുന്നു.**

**അൽ റബീഅ്, അൽ തുർമുദി, അഹ്മദ്, മുസ്ലിം, ഇബ്നു മാജ, തുടങ്ങിയവർ നിവേദനം ചെയ്തു**

2. സ്ത്രീ-പുരുഷ വ്യത്യാസമില്ലാതെ പ്രായപൂർത്തിയും, ബുദ്ധിയുമുള്ള എല്ലാവർക്കും നിസ്കാരം നിർബന്ധമാണ്. കുട്ടികൾക്ക് പ്രായപൂർത്തിയാകുന്നത് വരെ യാതൊരു വിധത്തിലുള്ള നിർബന്ധ ബാധ്യതകളില്ലെന്ന് പ്രവാചകൻ മുഹമ്മദ് (സ) വ്യക്തമാക്കി.[5]

3. ദിവസവും നിശ്ചിത സമയങ്ങളിലായി അഞ്ചു നേരം നിസ്കാരം നിർവഹിക്കൽ ഒരോ മുസ്ലിമിന്റെയും വൈയക്തിക ബാധ്യതയാണ്. (നിസ്കാരത്തിന്റെ സമയം അറിയാനായി അധ്യായം നാല് കാണുക.)

4. നിസ്കാരം നിർവഹിക്കാൻ വ്യക്തി ആദ്യമായി എല്ലാ മ്ലേച്ഛതയിൽ നിന്ന് മതാത്മകമായ രീതിയിൽ ശുദ്ധിയുള്ളവരായിരിക്കേണ്ടതുണ്ട്. (ഈ രീതിയിലുള്ള ശുചിത്വാവസ്ഥയെ ത്വഹാറ എന്ന് വിളിക്കുന്നു. അധ്യായം രണ്ട് കാണുക.)

---

3അല്ലാഹുവിന്റെ നാമം പരാമർശിക്കുമ്പോൾ സുബ്ഹാനല്ലാഹ് എന്നാണ് പറയുന്നത്. ഇതിന്റെ അർത്ഥം അവൻ പരിശുദ്ധനും മഹത്വമുള്ളവനുമാണ് എന്നാണ്.
4 പ്രവാചകന്റെ പേര് പറയുമ്പോൾ നാം പറയേണ്ടത് സ്വല്ലല്ലാഹു അലഹി വസല്ലം എന്നാണ്. അദ്ദേഹത്തിന് അല്ലാഹുവിന്റെ രക്ഷയും സമാധനവും ഉണ്ടാകട്ടെ എന്നാണ് അർത്ഥം.
5 ഈ പ്രവാചക വാക്യം അഹ് മദ് , അബുദാവുദ്, ഇബ്നു മാജ മറ്റു ഹദീസു പണ്ഡിതന്മാർ നിവേദനം ചെയ്തിട്ടുണ്ട്.

5. നിങ്ങൾ നിലകൊള്ളുന്നത് ത്വഹാറ അവസ്ഥയിലാണെങ്കിൽ നിസ്കാരം നിർവഹിക്കാൻ വുളൂഅ് ചെയ്യൽ അനിവാര്യമാണ്. (വുളൂഅ് അധ്യായം മൂന്ന് കാണുക.)

6. ഇസ്ലാമിൽ ആരാധനകൾക്ക് പ്രതിഫലം ലഭിക്കുന്നത് വ്യക്തികളുടെ നിയ്യത്തുകൾ കൊണ്ടാണ്. അഥവാ സ്വീകാര്യതക്ക് നിയ്യത്ത് അനിവാര്യം. അതിനാൽ മുകളിൽ പറഞ്ഞ ത്വഹാറ, വുളൂഅ്, നിസ്കാരം, എന്നീ പ്രവർത്തനങ്ങളുടെ തുടക്കത്തിൽ ഞാൻ നിർവഹിക്കുന്ന ഈ പ്രവൃത്തികളെല്ലാം അല്ലാഹുവിനെ അനുസരിച്ചു കൊണ്ടാണ് എന്ന ദൃഢ നിശ്ചയത്തോടെയായിരിക്കണം.

7. നിസ്കാരം നിർവഹിക്കേണ്ടത് അറബി ഭാഷയിലായിരിക്കണം. മറ്റു ഭാഷകളിൽ പാടുള്ളതല്ല. കാരണം നിസ്കാരത്തിന്റെ ഭാഗമായുള്ള ഖുർആൻ പാരായണവും, മറ്റു വാക്കുകളും, പ്രവർത്തികളുമെല്ലാം അറബിയിലായി നിർവഹിക്കാനാണ് പ്രവാചകർക്ക് നൽകിയ സന്ദേശം. മറ്റൊരു ഭാഷയിൽ നിർവഹിക്കുന്നത് നിസ്കാരത്തിന്റെ ഗൗരവത്തെയോ, പാരായണം ചെയ്യുന്ന ഖുർആനിന്റെ /ചൊല്ലുന്ന ദിക്റുകളുടെ ആശയങ്ങളെയോ, ഇതിലൂന്നിയ പ്രവർത്തികളുടെ അർത്ഥങ്ങളെയോ ആവിഷ്ക്കരിക്കാൻ മറ്റൊരു ഭാഷയിൽ സാധ്യമല്ല. മാത്രമല്ല അറബി അല്ലാത്ത ഭാഷയിൽ നിർവഹിക്കുന്നത് നിസ്കാരത്തിന്റെ ആന്തരിക വിശുദ്ധി, ആത്മീയ സൗന്ദര്യം, പ്രധാന്യം തുടങ്ങിയവയെല്ലാം മാറ്റം വരുത്തുന്നതാണ്

وَجَـٰهِدُواْ فِـى ٱللَّهِ حَـقَّ جِهَـادِهِۦۚ هُـوَ ٱجْتَبَىٰكُـمْ وَمَـا جَعَـلَ عَلَيْكُـمْ فِـى ٱلدِّيـنِ مِـنْ حَـرَجٍۚ مِّلَّـةَ أَبِيكُـمْ إِبْرَٰهِيـمَۚ هُـوَ سَـمَّىٰكُمُ ٱلْمُسْـلِمِينَ مِـن قَبْـلُ وَفِـى هَـٰذَا لِيَكُـونَ ٱلرَّسُـولُ شَـهِيدًا عَلَيْكُـمْ وَتَكُونُـواْ شُـهَدَآءَ عَلَى ٱلنَّـاسِۚ فَأَقِيمُـواْ ٱلصَّلَـوٰةَ وَءَاتُـواْ ٱلزَّكَـوٰةَ وَٱعْتَصِمُـواْ بِـٱللَّهِ هُـوَ مَوْلَىٰكُمْۖ فَنِعْـمَ ٱلْمَوْلَـىٰ وَنِعْـمَ ٱلنَّصِيـرُ

അല്ലാഹുവിന്റെ മാർഗത്തിൽ സമരം ചെയ്യേണ മുറപ്രകാരം നിങ്ങൾ സമരം ചെയ്യുക. അവൻ

നിങ്ങളെ ഉൽകൃഷ്ടരായി തെരഞ്ഞെടുത്തിരിക്കുന്നു. മതകാര്യത്തിൽ യാതൊരു പ്രയാസവും നിങ്ങളുടെ മേൽ അവൻ ചുമത്തിയിട്ടില്ല. നിങ്ങളുടെ പിതാവായ ഇബ്രാഹീമിന്റെ മാർഗമത്രെ അത്.

മുമ്പും ( മുൻവേദങ്ങളിലും ) ഇതിലും ( ഈ വേദത്തിലും ) അവൻ ( അല്ലാഹു ) നിങ്ങൾക്ക് മുസ്ലിംകളെന്ന് പേര് നൽകിയിരിക്കുന്നു. റസൂൽ നിങ്ങൾക്ക് സാക്ഷിയായിരിക്കുവാനും, നിങ്ങൾ ജനങ്ങൾക്ക് സാക്ഷികളായിരിക്കുവാനും വേണ്ടി. ആകയാൽ നിങ്ങൾ നമസ്കാരം മുറപോലെ നിർവഹിക്കുകയും, സകാത്ത് നൽകുകയും, അല്ലാഹുവെ മുറുകെപിടിക്കുകയും ചെയ്യുക. അവനാണ് നിങ്ങളുടെ രക്ഷാധികാരി. എത്ര നല്ല രക്ഷാധികാരി! എത്ര നല്ല സഹായി!

# അധ്യായം രണ്ട് . ത്വഹാറ (ശുചീകരണം)

നിസ്കാരത്തിന് ഒരുങ്ങുന്ന ഓരോ വിശ്വാസിയും നിസ്കാരത്തിന് മുമ്പായി എല്ലാ വിധ നജസുകളിൽ(മാലിന്യങ്ങളിൽ)നിന്നും വലിയ അശുദ്ധികളിൽ നിന്നും മുക്തരായിരിക്കണം.

അല്ലാഹു പറയുന്നു.

إِنَّ ٱللَّهَ يُحِبُّ ٱلتَّوَّٰبِينَ وَيُحِبُّ ٱلْمُتَطَهِّرِينَ

**അല്ലാഹു പശ്ചാത്തപിക്കുന്നവരെ ഇഷ്ടപ്പെടുന്നു . ശുചിത്വം പാലിക്കുന്നവരെയും ഇഷ്ടപ്പെടുന്നു (ഖുർആൻ 2:222)**

മുഹമ്മദ് നബി (സ) പറഞ്ഞു

**നിസ്കാരത്തിന്റെ താക്കോൽ വൃത്തിയാകുന്നു**

**(ഇബ്നു മാജ, അബൂ ദാവൂദ്, തുർമുദി നിവേദനം ചെയ്ത ഹദീസ്)**

## 1. മാലിന്യങ്ങൾ (നജസുകൾ)

നിസ്ക്കരിക്കുന്നവന്റെ ശരീരം, വസ്ത്രം, നിസ്ക്കരിക്കുന്ന സ്ഥലം എന്നിവ പരാമർശിക്കുന്ന മാലിന്യങ്ങളിൽ നിന്ന് മുക്തമായിരിക്കണം

a. മൂത്രം. മനുഷ്യൻ, മൃഗംഎല്ലാത്തിന്റെയും മൂത്രം നജസാകുന്നു .

b. കാഷ്ഠം. ഇസ്‌ലാമിക മതനിയമപ്രകാരം ഭക്ഷ്യയോഗ്യമായ മൃഗങ്ങൾ, പക്ഷികൾ എന്നിവയുടെ കാഷ്ഠം ഒഴികെ, മനുഷ്യരുടെയും, മറ്റു മൃഗങ്ങളുടെ കാഷ്ഠം.

c. രക്തം. മത്സ്യ- മാംസത്തിൽ നിന്ന് പാകം ചെയ്യുമ്പോൾ പുറത്ത് വരുന്ന രക്തം ഒഴികെ മറ്റെല്ലാ രക്തവും നജസാണ്.

d. ചർദ്ധിച്ചത്.

e. ആമാശയത്തിൽ നിന്ന് വായയിലേക്ക് തിരികെ വരുന്ന ദ്രാവകവും, ഭക്ഷ്യപദാർത്ഥങ്ങളുമെല്ലാം നജസാണ്

f. ശുക്ലം, മനുഷ്യന്റെ സ്വകാര്യ അവയവത്തിൽ നിന്ന് രതിമൂർഛയിൽ സ്കലിക്കുന്ന ദ്രാവകം. സ്വപ്നത്തിലും സ്രവിക്കാറുണ്ട്

g. ലൈംഗിക ഉത്തേജനമുണ്ടാകുന്ന സമയത്ത് ലിംഗത്തിൽ നിന്ന് സ്രവിക്കുന്ന മൃതുലമായ ദ്രാവകം.( അറബിയിൽ -മദിയ്യ് )

h. മൂത്രമൊഴിച്ചതിനു ശേഷം പുറത്തു വരുന്ന കലർപ്പുള്ള വെളുത്ത ദ്രാവകം. ( അറബിയിൽ വദീഅ് )

## നജസിൽ നിന്ന് ശുദ്ധി വരുത്തുക:

വസ്ത്രത്തിലോ, ശരീരത്തിലോ, മറ്റു സ്ഥലങ്ങളിലോ ഉള്ള എല്ലാവിധ നജസുകളെ വെള്ളം ഉപയോഗിച്ച് കഴുകി വൃത്തിയാക്കാവുന്നതാണ്. നജസ് നായയിൽ നിന്നാണെങ്കിൽ (നായയുടെ മൂത്രം, കാഷ്ഠം, ഉമിനീർ തുടങ്ങിയവയാണെങ്കിൽ) അത് ശുദ്ധികരിക്കാൻ ഏഴ് പ്രാവശ്യം കഴുകേണ്ടതുണ്ട്. അതിൽ ഒരു പ്രവാശ്യം ശുദ്ധമായ മണ്ണ് കലക്കിയ വെള്ളം കൊണ്ടായിരിക്കണം. എല്ലാ വിധത്തിലും പൂർണമായി കഴുകിയതിനു ശേഷം നിറം മാത്രം അല്ലങ്കിൽ മണം മാത്രം അവശേഷിക്കുന്നുണ്ടെങ്കിൽ പ്രശ്നമില്ല. രണ്ടും ഒരുമിച്ചാണെങ്കിൽ പ്രശ്നമാണ്.

## 2. വലിയ അശുദ്ധി

താഴെ കൊടുത്തിരിക്കുന്ന കാര്യങ്ങൾ ഉണ്ടാകുമ്പോൾ മതാത്മക നിയമങ്ങൾ അവനെ / അവളെ വലിയ അശുദ്ധിയുള്ളവരായി കണക്കാക്കുന്നു:

a. ഒന്ന് - ജനാബത്ത്. ശുക്ല സ്രവിക്കുന്നതിലൂടെ ജനാബത്ത് ഉണ്ടാകുന്നു. യോനിയിൽ ലിംഗത്തിന്റെ അഗ്രചർമ്മം പ്രവേശിച്ചാലും, സ്വപ്നം സ്കലനം സംഭവിച്ചാലും വലിയ അശുദ്ധി ഉണ്ടാകുന്നതാണ്.

b. രണ്ട്. ഹൈളിന്റെ സമയം. സ്ത്രീകളുടെ ആർത്തവ കാലം

c. മൂന്ന്. നിഫാസ് കാലം. അഥവാ പ്രസവത്തിനു ശേഷം ഉണ്ടാകുന്ന രക്ത സ്രാവ കാലമാണ് നിഫാസ്. (സാധാരണ ഗതിയിൽ ഇത് നാൽപത് ദിവസമാണ്.)

## വലിയ അശുദ്ധിയിൽ നിന്ന് ശുദ്ധി വരുത്തുന്ന രീതി

വലിയഅശുദ്ധിയിൽനിന്ന്ശുദ്ധിവരുത്തേണ്ടരീതിനിയമാനുസൃതമായ കുളിയിലൂടെയാണ്.(അറബിയിൽ ഗുസ്ൽ എന്നാണ് പറയുക.) താഴെ പറയുന്ന രീതിയിൽ ശരീരം മുഴുവൻ വെള്ളം ഒലിപ്പിക്കുന്നതിനെയാണ് മതനിയമം നിർദേശിക്കുന്ന കുളിയായി ഗണിക്കുന്നത്.

a. ഹൃദയത്തിൽ കുളിയെ കരുതുക. നിയത്ത് ചെയ്യുക.

b. മൂത്രം ഒഴിക്കുക.( ശുക്ലം തങ്ങി നിൽക്കുന്നുണ്ടെങ്കിൽ പുറത്തേക്ക് പോകാൻ വേണ്ടിയാണ് ഇങ്ങനെ ചെയ്യുന്നത്.).

c. സ്വകാര്യ അവയവങ്ങൾ പൊക്കിൾ മുതൽ മുട്ടുവരെ മാലിന്യങ്ങൾ ഉണ്ടാകാൻ സാധ്യതയുള്ള ഭാഗങ്ങൾ കഴുകുക.

d. തുടക്കത്തിൽ ബിസ്മി ചൊല്ലുക.

e. നിസ്കാരത്തിനു വേണ്ടി വുളുഅ് ചെയ്യുന്നത് പോലെ വുളുഅ് ചെയ്യുക.

f. ശരീരം മുഴുവൻ വെള്ളം ഒഴിച്ച് കഴുകുക. താഴ്ഭാഗത്തിനെക്കാൾ മുകൾ ഭാഗത്തിനും, ഇടതു ഭാഗത്തിനെക്കാൾ വലതുഭാഗത്തിനുമാണ് മുൻഗണന നൽകേണ്ടത്.

## ത്വഹാറ ചില പ്രധാന കാര്യങ്ങൾ

a. വലിയ അശുദ്ധിയുള്ളവർ പരാമർശിക്കുന്ന കാര്യങ്ങൾ ചെയ്യുന്നത് നിഷിദ്ധമാണ്:

1. നിസ്കാരം.
2. നോമ്പ് (ജനാബത്ത് കാരൻ ഒഴികെ)
3. ഖുർആൻ സ്പർശനവും, പാരായണവും
4. പള്ളിയിൽ താമസിക്കുക.

b. ഇസ്ലാം മതം സ്വീകരിച്ച വ്യക്തിയും ഇസ്ലാം സ്വീകരിച്ചതിനു ശേഷം കുളിക്കണം.

c. ശരീരത്തിൽ മാലിന്യമു(നജസ്)ണ്ടെന്ന കാര്യം ഉറപ്പാണ്. പക്ഷേ എവിടെയാണെന്ന് അവൻ /അവൾക്ക് കൃത്യമായി അറിയില്ല. അങ്ങനെയെങ്കിൽ ശരീരം മുഴുവൻ ശുദ്ധിയാക്കാൻ കുളിക്കൽ അനിവാര്യമാണ്.



يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوٓاْ إِذَا قُمۡتُمۡ إِلَى ٱلصَّلَوٰةِ فَٱغۡسِلُواْ وُجُوهَكُمۡ وَأَيۡدِيَكُمۡ إِلَى ٱلۡمَرَافِقِ وَٱمۡسَحُواْ بِرُءُوسِكُمۡ وَأَرۡجُلَكُمۡ إِلَى ٱلۡكَعۡبَيۡنِۚ وَإِن كُنتُمۡ جُنُبٗا فَٱطَّهَّرُواْۚ وَإِن كُنتُم مَّرۡضَىٰٓ أَوۡ عَلَىٰ سَفَرٍ أَوۡ جَآءَ أَحَدٞ مِّنكُم مِّنَ ٱلۡغَآئِطِ أَوۡ لَٰمَسۡتُمُ ٱلنِّسَآءَ فَلَمۡ تَجِدُواْ مَآءٗ فَتَيَمَّمُواْ صَعِيدٗا طَيِّبٗا فَٱمۡسَحُواْ بِوُجُوهِكُمۡ وَأَيۡدِيكُم مِّنۡهُۚ مَا يُرِيدُ ٱللَّهُ لِيَجۡعَلَ عَلَيۡكُم مِّنۡ حَرَجٖ وَلَٰكِن يُرِيدُ لِيُطَهِّرَكُمۡ وَلِيُتِمَّ نِعۡمَتَهُۥ عَلَيۡكُمۡ لَعَلَّكُمۡ تَشۡكُرُونَ

**സത്യവിശ്വാസികളേ, നിങ്ങൾ നമസ്കാരത്തിന് ഒരുങ്ങിയാൽ, നിങ്ങളുടെ മുഖങ്ങളും, മുട്ടുവരെ രണ്ടുകൈകളും കഴുകുകയും, നിങ്ങളുടെ തല തടവുകയും നെരിയാണിവരെ രണ്ട് കാലുകൾ കഴുകുകയും ചെയ്യുക. നിങ്ങൾ ജനാബത്ത് ( വലിയ അശുദ്ധി ) ബാധിച്ചവരായാൽ നിങ്ങൾ ( കുളിച്ച് ) ശുദ്ധിയാകുക. നിങ്ങൾ രോഗികളാകുകയോ യാത്രയിലാകുകയോ ചെയ്താൽ, അല്ലെങ്കിൽ നിങ്ങളിലൊരാൾ മലമൂത്രവിസർജ്ജനം കഴിഞ്ഞ് വരികയോ, നിങ്ങൾ സ്ത്രീകളുമായി സംസർഗം നടത്തുകയോ ചെയ്തിട്ട് നിങ്ങൾക്ക് വെള്ളം കിട്ടിയില്ലെങ്കിൽ ശുദ്ധമായ ഭൂമുഖം തേടിക്കൊള്ളുക. എന്നിട്ട് അതുകൊണ്ട് നിങ്ങളുടെ മുഖവും കൈകളും തടവുക. നിങ്ങൾക്ക് ഒരു ബുദ്ധിമുട്ടും വരുത്തിവെക്കണമെന്ന് അല്ലാഹു ഉദ്ദേശിക്കുന്നില്ല. എന്നാൽ നിങ്ങളെ ശുദ്ധീകരിക്കണമെന്നും, തന്റെ അനുഗ്രഹം നിങ്ങൾക്ക് - പൂർത്തിയാക്കിത്തരണമെന്നും അവൻ ഉദ്ദേശിക്കുന്നു. നിങ്ങൾ നന്ദിയുള്ളവരായേക്കാം.(ഖുർആൻ 5-6)**

عن أبي هريرة رضي الله عنه أن رسول الله صلى الله عليه وسلم قال: «الصلوات الخمس، والجمعة إلى الجمعة، كفارة لما بينهن، ما لم تغشَ الكبائر»

## അബുഹുറൈറ (റ) നിവേദനം ചെയ്യുന്നു.

**അല്ലാഹുവിന്റെ റസൂൽ പറഞ്ഞു; അഞ്ച് (ദിവസേന) നിസ്കാരവും, വലിയ പാപങ്ങൾ ഒഴിവാക്കുകയും ചെയ്തവർക്ക് ഒരു വെള്ളിയാഴ്ച മുതൽ അടുത്ത വെള്ളിയാഴ്ച വരെ ചെയ്ത എല്ലാ കാര്യങ്ങളും (ചെറിയ പാപങ്ങൾ) പെറുക്കപ്പെടുന്നതാണ്.**

**ഇമാം മുസ്ലിം നിവേദനം ചെയ്തു**

# അധ്യായം മൂന്ന്. വുളുഅ്

വലിയ അശുദ്ധി, നജസ് എന്നിവയിൽ നിന്ന് മുക്തരായവർക്ക് നിസ്കാരം നിർവഹിക്കാൻ വുളൂഅ് നിർബന്ധമാണ്. ഈ അധ്യായത്തിൽ മൂന്ന് ഭാഗങ്ങളുണ്ട്.

1- വുളൂഅ്  2 - തയമ്മും  3- വുളൂഅ് അസാധുവാകുന്ന കാര്യങ്ങൾ

## 1- വുളൂഅ്

നിസ്കാരത്തിൽ ദൈവോന്മുഖമായി നിൽക്കാൻ സത്യവിശ്വാസിയെ

വുളൂഅ് (അംഗസ്നാനം) ശാരീരിക- ആത്മീയവുമായി സജ്ജികരിക്കുന്നു. അല്ലാഹുവും, തിരു പ്രവാചകരും കൽപ്പിച്ചതു പ്രകാരം ചില അവയവങ്ങളെ പ്രത്യേക രീതിയിൽ സ്നാനം നടത്തുന്നതിനെയാണ് വുളൂഅ് എന്നതിൽ അർത്ഥമാക്കുന്നത്.

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوٓا۟ إِذَا قُمْتُمْ إِلَى ٱلصَّلَوٰةِ فَٱغْسِلُوا۟ وُجُوهَكُمْ وَأَيْدِيَكُمْ إِلَى ٱلْمَرَافِقِ

وَٱمْسَحُوا۟ بِرُءُوسِكُمْ وَأَرْجُلَكُمْ إِلَى ٱلْكَعْبَيْنِ ۚ

**സത്യവിശ്വാസികളേ, നിങ്ങൾ നമസ്കാരത്തിന് ഒരുങ്ങിയാൽ, നിങ്ങളുടെ മുഖങ്ങളും, മുട്ടുവരെ രണ്ടുകൈകളും കഴുകുകയും, നിങ്ങളുടെ തല തടവുകയും നെരിയാണിവരെ രണ്ട് കാലുകൾ കഴുകുകയും ചെയ്യുക.(ഖുർആൻ 5:6)**

പ്രവാചകർ (സ) പറഞ്ഞിട്ടുണ്ട്.

**വുളൂഅ് ചെയ്യാത്തവരുടെ നിസ്കാരം സാധുവല്ല.**

**ഇബ്നു മജാ, അബു ദാവൂദ് തുടങ്ങിയവർ നിവേദനം ചെയ്തത്**

## എങ്ങനെ വുളൂഅ് ചെയ്യാം

അശുദ്ധിയിൽ നിന്ന് ശുദ്ധി വരുത്തുന്നു എന്ന് മനസിൽ കരുതി കൊണ്ട് നിയ്യത്ത് ചെയ്യുക. ശേഷം ഇങ്ങനെ ചൊല്ലുക.

بِسْمِ الله

ബിസ്മില്ലാഹ്, അഥവാ അല്ലാഹുവിന്റെ നാമത്തിൽ തുടങ്ങുന്നു

ശേഷം, തുടർന്നുള്ള രണ്ടു പേജുകളിലായി വിവരിച്ച എട്ട് ഘട്ടങ്ങൾ പാലിക്കുക.



**1**

രണ്ട് കൈകളും കൈത്തണ്ട വരെ മൂന്ന് തവണ കഴുകുക. വിരലുകൾക്കിടയിൽ ഉൾപ്പെടെ കൈത്തണ്ടയുടെ എല്ലാ ഭാഗങ്ങളിലും വെള്ളം എത്തി എന്ന്  ഉറപ്പ് വരുത്തുക.



**2**

നിങ്ങളുടെ വലതു കൈ ഉപയോഗിച്ച്, കുറച്ച്  വെള്ളം വായിലാക്കി നന്നായി കളകളാ എന്നാക്കി കഴുകുക, കഴിയുന്നത്ര ആഴത്തിൽ ഇത് ചെയ്യുക. ഇങ്ങനെ മൂന്ന് തവണ ചെയ്യുക.



**3**

നിങ്ങളുടെ വലതു കൈ ഉപയോഗിച്ച് വീണ്ടും നിങ്ങളുടെ മൂക്കിലേക്ക് വെള്ളം കയറ്റി ചീറ്റി വൃത്തിയാക്കുക.  നിങ്ങളുടെ ഇടതു കൈകൊണ്ട് മൂക്കിൽ വല്ലതുമുണ്ടെങ്കിൽ തുടച്ചു മാറ്റുക.  ഇത് മൂന്ന് തവണ ചെയ്യുക.



**4**

രണ്ട് കൈകളും ഉപയോഗിച്ച് മുഖം മൂന്നു പ്രാവശ്യം കഴുകുക. മുകൾ ഭാഗത്ത് നിന്നായിരിക്കണം തുടങ്ങേണ്ടത്. നെറ്റി മുതൽ താടിയെല്ല് വരെയും, ചെവി കുറ്റി മുതൽ മറ്റെ ചെവി കുറ്റി വരെയുള്ള മുഖത്തിന്റെ പരിധി പൂർണ്ണമായി കഴുകുക.



**5**

കൈമുട്ട് ഉൾപ്പെടെ മൂന്ന് തവണ കൈ കഴുകുക, വിരലുകൾക്കിടയിലുള്ള ഭാഗം കഴുകി എന്നും ഉറപ്പ് വരുത്തുക. വലതു കൈകൊണ്ടാണ് ആരംഭിക്കേണ്ടത്. ശേഷം ഇടത് കൈ കഴുകുക.



**6**

നനഞ്ഞ കൈകളാൽ തല ഒരു തവണ മുന്നിൽ നിന്ന് പിന്നിലേക്കായി തടവുക.



**7**

നിങ്ങളുടെ നനഞ്ഞ ചൂണ്ട് വിരൽ ഉപയോഗിച്ച് ചെവിയുടെ ഉൾഭാഗവും, അതേ സമയം നിങ്ങളുടെ തള്ളവിരൽ ഉപയോഗിച്ച് ചെവി ഭാഗങ്ങളുടെ പിൻഭാഗവും തുടയ്ക്കുക. ഇത് ഒരു തവണ മാത്രം ചെയ്യുക.



**8**

കണങ്കാൽ ഉൾപ്പെടെയുള്ള കാൽ മൂന്നു പ്രാവശ്യം കഴുകുക, കാൽവിരലുകൾക്കിടയിലുള്ള ഭാഗവും കാൽപാദവും കഴുകുന്നത് ഉറപ്പാക്കുക. വലതു കാലിൽ നിന്നും തുടർന്ന് ഇടതു കാലിൽ നിന്നും ആരംഭിക്കുക.

ഈ എട്ടു ഘട്ടങ്ങളിലായി വുളൂഅ് പൂർത്തിയാക്കുക. അംഗസ്നാനം കഴിഞ്ഞാൽ ഈ പ്രാർത്ഥന നടത്തുക.

أَشهَدُ أَنْ لَا إِلَه إِلَّا الله وَأَشهَدُ أَنَّ مُحَمَدًا رَسُولُ الله

اللَّهُم اجْعَلنِي مِنَ التَّوَابِين وَاجْعَلنِي مِن المُتَطَهِّرِيْن

**അഷ്ഹാദു അല്ലാ ഇലാഹ ഇല്ല ല വാ അഷ്ഹാദു അന്ന മുഹമ്മദൻ റസൂലു ലാഹ്. അല്ലാഹുമ്മ ജഅൽനി മിന തത്വവാബിൻ വാ ജിയാൽനി മിന ലുമുതതാഹിരിൻ.**

**അല്ലാഹുവല്ലാതെ ആരാധനയ്ക്ക് യോഗ്യനായ ഒരു ദൈവമില്ലെന്നും മുഹമ്മദ് അല്ലാഹുവിന്റെ റസൂലാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു, അല്ലാഹുവേ, എന്നെ നിരന്തരം അനുതപിക്കുന്നവരിലും സ്വയം ശുദ്ധീകരിക്കുന്നവരിലും ഉൾപ്പെടുത്തണമേ**

## അംഗസ്നാനം. ചില പ്രധാന കാര്യങ്ങൾ

a. കഴുകേണ്ട എല്ലാ അവയവങ്ങളിലും വെള്ളം എത്തിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുക. പക്ഷേ, അമിതമായി ഉപയോഗിക്കുന്നതിലൂടെയോ ശരീരഭാഗങ്ങൾ മൂന്ന് തവണയിൽ കൂടുതൽ കഴുകുന്നതിലൂടെയോ വെള്ളം പാഴാക്കാൻ പാടുള്ളതല്ല

b. ചർമ്മത്തിലോ, നഖത്തിലോ വെള്ളം ചേരുന്നതിനെ തടയുന്ന മേക്കപ്പുകളോ, മറ്റു സൗന്ദര്യവസ്തുക്കളോ ഉണ്ടെങ്കിൽ വുളൂഅ് സാധുവാകുന്നതല്ല.

c. മുറിവിൽ നിന്നോ മൂക്കിലൂടെയോ തുടർച്ചയായി ഒരാൾക്ക് രക്തസ്രാവമുണ്ടായാൽ, രക്തം ഒഴുകാതിരിക്കാൻ, രക്തം വരുന്ന ഭാഗം തുണിയോ മറ്റോ വെച്ചു കെട്ടി രക്തത്തിന്റെ ഒഴുക്കിനെ ഒതുക്കി നിർത്തിയതിനു ശേഷം വുളൂഅ് ചെയ്യുക. ശേഷം നിസ്ക്കാരത്തിൽ ഏർപ്പെടുക. സാധാരണ ആർത്തവ കാലത്തിനെക്കാൾ അധികമായി രക്തം സ്രവിക്കുന്നുണ്ടെങ്കിൽ അവരും ഇപ്രാകാരം ചെയ്തു കൊണ്ട് നിസ്കാരം നിർവഹിക്കേണ്ടതാണ്.

d. ശുദ്ധമായ വെള്ളം ഉപയോഗിച്ചാണ് വുളൂഅ് നിർവഹിക്കേണ്ടത്. പൈപ്പ് വെള്ളം, മഴവെള്ളം, നദിയിലെജലം, കിണറും നീരുറവയും, കടൽവെള്ളം, മഞ്ഞുവീഴ്ച, ആലിപ്പഴം എന്നിവയിൽ നിന്നുള്ള ജലമെല്ലാം ഉപയോഗിക്കാം.സോപ്പ്, കുങ്കുമം, പൂക്കൾ തുടങ്ങിയ ശുദ്ധമായ മൂലകങ്ങൾ കലർത്തിയ വെള്ളവും വുദുവിന് അനുയോജ്യമാണ്.

e. അശുദ്ധമായ മൂലകങ്ങളാൽ മലിനമായതോ ജലത്തിന്റെ രുചി, നിറം, മണം എന്നിവ വ്യത്യാസപ്പെടുത്തുന്നതോ ആയ ഘടകങ്ങളുമായി കലർത്തിയ വെള്ളം ഉപയോഗിച്ച് വുദു നടപ്പാക്കാൻ കഴിയില്ല.

## 2. തയമ്മും ( മണ്ണു കൊണ്ടുള്ള സ്നാനം)

മാലിന്യങ്ങളിൽ നിന്നും, അശുദ്ധിയിൽ നിന്നും ശുദ്ധിവരുത്തുന്ന മറ്റൊരു രീതിയാണ് തയമ്മും. ശുദ്ധമായ മണ്ണോ, മണലോ ഉപയോഗിച്ചാണ് ഇത് നിർവഹിക്കുന്നത്. ഇനിപ്പറയുന്ന സാഹചര്യങ്ങൾ നിലനിൽക്കുമ്പോഴാണ് തയമ്മും ചെയ്യുന്നത്:

a. വെള്ളം ഇല്ലാത്ത ഘട്ടത്തിൽ. അല്ലാഹു ഖുർആനിൽ പറയുന്നു.

وَإِن كُنتُم مَّرْضَىٰٓ أَوْ عَلَىٰ سَفَرٍ أَوْ جَآءَ أَحَدٌ مِّنكُم مِّنَ ٱلْغَآئِطِ أَوْ لَـٰمَسْتُمُ ٱلنِّسَآءَ فَلَمْ تَجِدُوا۟ مَآءً فَتَيَمَّمُوا۟ صَعِيدًا طَيِّبًا فَٱمْسَحُوا۟ بِوُجُوهِكُمْ وَأَيْدِيكُمْ ۗ إِنَّ ٱللَّهَ كَانَ عَفُوًّا غَفُورًا

**നിങ്ങൾ രോഗികളാകുകയോ യാത്രയിലാകുകയോ ചെയ്താൽ, അല്ലെങ്കിൽ നിങ്ങളിലൊരാൾ മലമൂത്രവിസർജ്ജനം കഴിഞ്ഞ് വരികയോ, നിങ്ങൾ സ്ത്രീകളുമായി സംസർഗം നടത്തുകയോ ചെയ്തിട്ട് നിങ്ങൾക്ക് വെള്ളം കിട്ടിയില്ലെങ്കിൽ ശുദ്ധമായ ഭൂമുഖം തേടിക്കൊള്ളുക. എന്നിട്ട് അതുകൊണ്ട് നിങ്ങളുടെ മുഖവും കൈകളും തടവുക. നിങ്ങൾക്ക് ഒരു ബുദ്ധിമുട്ടും വരുത്തിവെക്കണമെന്ന് അല്ലാഹു ഉദ്ദേശിക്കുന്നില്ല. എന്നാൽ നിങ്ങളെ ശുദ്ധീകരിക്കണമെന്നും, തന്റെ അനുഗ്രഹം നിങ്ങൾക്ക് - പൂർത്തിയാക്കിത്തരണമെന്നും അവൻ ഉദ്ദേശിക്കുന്നു. നിങ്ങൾ നന്ദിയുള്ളവരായേക്കാം. (ഖുർആൻ 4:43)**

b. കടുത്ത ജലദോഷം, അസുഖത്തിന്റെ തീവ്രത അല്ലെങ്കിൽ അസുഖം ക്ഷമിക്കാനുള്ള കാലതാമസം തുടങ്ങിയ കാരണത്താൽ വെള്ളം ഉപയോഗിക്കുന്നതിൽ പ്രയാസം നേരിടുമ്പോൾ.

c. വെള്ളം ലഭ്യമാണ്. പക്ഷേ അത് കുടിക്കാൻ ആവശ്യമുണ്ട്.



നിയ്യത്തും, ബിസ്മിയും കഴിഞ്ഞതിനു ശേഷം ഈ രണ്ടു ഘട്ടങ്ങളിലായുള്ള പ്രവർത്തനങ്ങൾ കൊണ്ടാണ് തയ മും നിർവഹിക്കേണ്ടത്

**ഘട്ടം 1:**- ശുദ്ധമായ പൊടി മണ്ണിൽ രണ്ട് കൈയും ഒരുമിച്ച് അടിക്കുക. തുടർന്ന് ഇരു കൈയ്യിലെ അമിതമായ മണ്ണിനെ ഇരുപുറ കൈകൾ പരസപരം കൂട്ടിയടിച്ച് നീക്കം ചെയ്യുക. ശേഷം വുളൂ ഈൽ മുഖം കഴുകുന്നതു പോലെ പൂർണ്ണമായും ഇരു കൈകൾ കൊണ്ട് മുഖം തടവുക.



**ഘട്ടം 2 :**- രണ്ടു കൈകൾക്കായി അടുത്ത അടിമണ്ണിലേക്ക് അടിക്കുക. ശേഷം ഇടതു കൈയ്യിന്റെ ഉൾപത്തി കൊണ്ട് വലതു കൈയ്യിന്റെ പുറം ഭാഗം വിരളിന്റെ അറ്റം മുതൽ മുട്ടുവരെ തടവുക. ശേഷം വലതു കൈപത്തി കൊണ്ട് ഇടതു കൈ പരാമർശിത രീതിയിൽ തടവുക.



## വുളൂഈനെ പറ്റിയുള്ള ഹദീസുകൾ

عَنِ ابْنِ عُمَرَ، عَنِ النَّبِيِّ صلى الله عليه وسلم أَنَّهُ قَالَ:مَنْ تَوَضَّأَ عَلَى طُهْرٍ كَتَبَ اللَّهُ لَهُ بِهِ عَشْرَ حَسَنَاتٍ

ഇബ്നു ഉമറിൽ നിന്നുള്ള ഒരു വിവരണത്തിൽ പ്രവാചകൻ ഇപ്രകാരം പറഞ്ഞു: "വിശുദ്ധിയിലായിരിക്കെ വുദു നിർവഹിക്കുന്ന ഏതൊരാൾക്കും പത്ത് നല്ല ഗുണങ്ങൾ കാരണം അല്ലാഹു അവനുവേണ്ടി എഴുതുന്നു.

ഇമാം തുർമുദി നിവേദനം ചെയ്തത്.

حَدَّثَنَا عَمْرِ بْنِ سَعِيدِ بْنِ الْعَاصِ، قَالَ كُنْتُ عِنْدَ عُثْمَانَ فَدَعَا بِطَهُورٍ فَقَالَ سَمِعْتُ رَسُولَ اللَّهِ صلى الله عليه وسلم يَقُولُ " مَا مِنِ امْرِئٍ مُسْلِمٍ تَحْضُرُهُ صَلاَةٌ مَكْتُوبَةٌ فَيُحْسِنُ وُضُوءَهَا وَخُشُوعَهَا وَرُكُوعَهَا إِلاَّ كَانَتْ كَفَّارَةً لِمَا قَبْلَهَا مِنَ الذُّنُوبِ مَا لَمْ يُؤْتِ كَبِيرَةً وَذَلِكَ الدَّهْرَ كُلَّهُ ".

ആമിർ ബന് സഈദ് ബ്നു അൽആസ് നിവേദനം ചെയ്തു .ഞാൻ ഉസ്മാൻ (റ)വിന്റെ കൂടെയായിരുന്നു. അദ്ദേഹം വുളൂ ഈനുവേണ്ടി വെള്ളം ആവശ്യപ്പെട്ടു കൊണ്ട് പറഞ്ഞു. നബി (സ) തങ്ങൾ പറയുന്നതായി ഞാൻ കേട്ടു. ഫർദ് നിസ്കാരത്തിന്റെ സമയം വരുമ്പോൾ നല്ല രീതിയിൽ നിസ്കാരത്തിന്റെ വുളൂഉം ഭയഭക്തിയും , റുകൂഉം നിർവഹിച്ച വിശ്വാസികളുടെ എല്ലാ ചെറു ദോഷങ്ങളും പൊറുക്കപ്പെടും. അവൻ വലിയ പാപങ്ങളുമായി സംവദിച്ചാൽ ഒഴികെ.

ഇമാം മുസ്ലിം നിവേദനം ചെയ്തത്.

رَأَى رَسُولُ اللَّهِ ـ صلى الله عليه وسلم ـ رَجُلاً يَتَوَضَّأُ فَقَالَ " لاَ تُسْرِفْ لاَ تُسْرِفْ "

ഒരു മനുഷ്യൻ വുദു ചെയ്യുന്നത് അല്ലാഹുവിന്റെ റസൂൽ കണ്ടു, അദ്ദേഹം പറഞ്ഞു: 'അമിതമാകരുത്, അതിരുകടന്നവരാകരുത് (വെള്ളം ഉപയോഗിക്കുന്നതിൽ)

ഇബ്നുമാജ റിപ്പോർട്ട് ചെയ്തത്

## 3. വുളൂഅ് മുറിയുന്ന കാര്യങ്ങൾ

ഒരാൾവുളൂഅ്നിർവഹിക്കുമ്പോൾ,നിസ്കാരത്തിലായിഅല്ലാഹുവിന്റെ മുമ്പാകെ നിൽക്കാൻ ശാരീരികവും ആത്മീയവുമായ വിശുദ്ധിയിലാകുന്നു. ഇനിപ്പറയുന്ന പ്രവർത്തനങ്ങൾ ആത്മീയ വിശുദ്ധിയുടെ ഈ അവസ്ഥയെ അസാധുവാക്കുന്നുണ്ട്. അതിനാൽ  വുളൂഅ് പുതുക്കേണ്ടതുണ്ട്:

1. സ്വകാര്യ ഭാഗങ്ങളിൽ നിന്ന് വല്ലതിന്റെയും വിസർജ്ജനം (മൂത്രം, മലം, വാതകം, ശുക്ലം, പ്രോസ്റ്ററ്റിക് ദ്രാവകങ്ങൾ).
2. ബോധം പോക്കുന്ന വിധത്തിലുള്ള ഉറക്കം
3. ബോധം നഷ്ടപ്പെടുക. അത് ഏത് വിധത്തിലായാലും ശരി
4. നഗ്നമായ കൈകൊണ്ട് ലൈംഗിക വയങ്ങളെ സ്പർശിക്കുക.
5. നജസുകളെ സ്പർശിക്കുക. (അധ്യായം രണ്ട്, ഒന്നാം ഇനം കാണുക.
6. രക്തസ്രാവം(അത് എങ്ങനെയായും ശരി. വുളൂ ഈ ലെ പ്രധാന കാര്യങ്ങൾ എന്ന അധ്യായത്തിൽ മൂന്നാം ഇനം കാണുക.)
7. ഛർദ്ധി
8. ഇസ്‌ലാം നിരുത്സാഹപ്പെടുത്തിയ നുണപറയുക, മേശം വാക്കുകൾ സംസാരിക്കുക, ഏഷണി പറയുക തുടങ്ങിയ പ്രവർത്തനത്തിൽ ഏർപ്പെടുക



# അധ്യായം നാല് . സ്വലാത്ത് (നിസ്കാരം)

ഈ അധ്യായം നാല് ഉപാധ്യായങ്ങൾ ഉൾകൊള്ളുന്നു. 1- നിസ്കാരത്തിന്റെ രൂപം 2- നിസ്കാരത്തിന്റെ സമയം 3-ഏങ്ങനെ നിസ്ക്കരിക്കാം 4-നിസ്കാരം അസാധുവാകുന്ന പ്രവർത്തനങ്ങൾ.

## 1. നിസ്കാരത്തിന്റെ രൂപം

നിസ്കാരത്തിൽ(സ്വലാത്ത് ) പരാമർശിക്കുന്ന പ്രവർത്തനങ്ങൾ ഉൾകൊള്ളുന്നുണ്ടാണ് നിർവഹിക്കേണ്ടത്:



നിൽക്കുക, കുംമ്പിടുക, രണ്ട് സാഷ്ടാംഗങ്ങൾ നമിക്കുക എന്നതാണ് ഒരു റകാഅയായി മാറുന്നത്. വ്യത്യസ്ത റകാഅത്തുകളുള്ള നിസ്കാരങ്ങളുണ്ട്. ചുവടെ കൊടുത്തിരിക്കുന്ന പട്ടിക നിസ്കാരത്തിന്റെ റകാഅത്തും, ഇനങ്ങളും വിവരിക്കുന്നു.



## ഒരു ദിവസത്തെ നിർബന്ധ നിസ്കാരങ്ങൾ

| | നിസ്കാരം | റകാഅത്തുകൾ |
|---|---|---|
| 1 | പ്രഭാത നിസ്കാരം (ഫജർ നിസ്കാരം) | 2 |
| 2 | ളുഹർ നിസ്കാരം (ഉച്ച സമയം) | 4 |
| 3 | അസ്വർ നിസ്കാരം (വൈകുനേരം ) | 4 |
| 4 | മഗ് രിബ് നിസ്കാരം (സൂര്യാസ്തമയം) | 3 |
| 5 | ഇശാ നിസ്കാരം (രാത്രി) | 4 |
| 6 | ജുമുഅ നിസ്കാരം | 2 |

## സുന്നത്ത് നിസ്കാരങ്ങൾ

| | നിസ്കാരം | റകാഅത്തുകൾ |
|---|---|---|
| 1 | സുബ്ഹി നിസ്കാരത്തിനു മുമ്പ് | 2 |
| 2 | ളുഹർ നിസ്കാരത്തിനു ശേഷം | 2 |
| 3 | മഗ് രിബ് നിസ്കാരത്തിനു ശേഷം | 2 |
| 4 | ഇശാ നിസ്കാരത്തിനു ശേഷം | 2 |
| 5 | വിത്റ് ( നിസ്കാരം ) | 3 |

## കുറിപ്പുകൾ

1. ഇശാ പ്രാർത്ഥനയ്ക്കുശേഷമാണ് അൽ വിത്ർ നിസ്കാരം നടത്തുന്നുത്. പുലർച്ചെ വരെ ഒരാൾക്ക് ഏത് സമയത്തും ഇത് ചെയ്യാൻ കഴിയും, (അതായത് ഫജർ നമസ്കാരത്തിനുള്ള ആഹ്വാനത്തിന് തൊട്ടുമുമ്പ്).
2. ളുഹർ നിസ്കാരത്തിന് പകരമായി വെള്ളിയാഴ്ച്ച ദിവസം ഒരു നാട്ടിലെ പുരുഷന്മാർ നിർബന്ധമായും ചേർന്ന് നിർവഹിക്കുന്ന നിസ്കാരമാണ് ജുമുഅ നിസ്കാരം. രണ്ടു റകാഅത്താണ് ജുമുഅയുടെത്. ഒരാൾക്ക് വെള്ളിയാഴ്ച നിസ്കാരം നഷ്ടപ്പെട്ടാൽ, അയാൽ ളുഹർ നിസ്ക്കരിക്കണം. സ്ത്രീകളും യാത്രക്കാരും രോഗികളും വെള്ളിയാഴ്ചത്തെ ജുമുഅയിൽ പങ്കെടുക്കാൻ ബാധ്യസ്ഥരല്ല, (അതായത് അവർ സാധാരണ ളുഹർ നമസ്കാരം നടത്തണം.)ഇത് ആരംഭിക്കുന്നത് ഒരു പ്രത്യേക പ്രഭാഷണത്തെ (ഖുത്ബ), തുടർന്നാണ്. ഇത് മസ്ജിദിൽ മാത്രമേ നടത്താൻ കഴിയൂ, അതിനുശേഷം രണ്ടോ നാലോ റക്അത്ത് സുന്നത്ത് നിസ്കാരങ്ങക്കും ഉണ്ട്.
3. റമളാനിൽ താറാവീഹ് നിസ്കാരങ്ങൾ, ഈദ് നിസ്കാരം, മയ്യിത്ത് നിസ്കാരം, തുടങ്ങി നിരവധി പ്രാർത്ഥനകളുണ്ട്. ഈ നിസ്കാരത്തിന്റെ വിശദാംശങ്ങൾ നിസ്കാരത്തെ കുറിച്ചുള്ള പ്രസക്തമായ പുസ്തകങ്ങളിൽ കാണാം.

## 2. നിസ്കാരത്തിന്റെ സമയം

ദൈനദിന നിർബന്ധ നിസ്കാരങ്ങൾ ദിവസം പരാമർശിക്കുന്ന സമയങ്ങളിലായി നിർവഹിക്കേണ്ടതാകുന്നു

| | |
|---|---|
| സുബ്ഹി നിസ്കാരം | പ്രഭാതം മുതൽ സൂര്യോദയത്തിന്റെ ആരംഭം വരെ ഉള്ള സമയമാണ്. |
| ളുഹർ നിസ്കാരം | സൂര്യൻ മധ്യാഹനത്തിൽ നിന്ന് തെറ്റിയതു മുതൽ അസറിന്റെ തുടക്കം വരെയാണ് ളുഹറിന്റെ സമയം. |
| അസർ നിസ്കാരം | ഒരു വസ്തുവിന്റെ നിഴൽ ആ വസ്തുവിന്റെ ഉയരത്തിന് തുല്യമാകുന്നത് മുതൽ സൂര്യൻ അസ്തമിക്കുന്നതു വരെയാണ് അസറിന്റെ സമയം. |
| മഗ്രിബ് നിസ്കാരം | സൂര്യൻ അസ്തമിച്ചതിനു ശേഷം സന്ധ്യ അസ്തമിക്കുന്നത് വരെ |
| ഇശാ നിസ്കാരം | സന്ധ്യ അസ്തമിച്ചതു മുതൽ അർദ്ധ രാത്രി വരെയാണ്. |

നിസ്കാര സമയങ്ങൾ ഇന്ന് എല്ലാ പള്ളികളിലും സ്ക്രീനുകളിലായി വ്യക്തമാക്കിയിട്ടുണ്ട്. മാത്രമല്ല എല്ലാ നഗരങ്ങളിലെയും നിസ്കാര സമയം കാണിക്കുന്ന മൊബൈൽ ഫോൺ ആപ്ലിക്കേഷനുകൾ അൻട്രോയിഡ്, ഐ ഓ എസ് എന്നിവയിൽ ലഭ്യമാണ്.

ഇനി പറയുന്ന സമയങ്ങളിൽ നിസ്കാരം പാടില്ല.

1. സൂര്യോദയ സമയം. സൂര്യൻ ഉദിക്കാൻ തുടങ്ങുന്നത് മുതൽ പൂർണ്ണമായി ഉദിക്കുന്നത് വരെ
2. സൂര്യൻ മധ്യഹാനത്തിൽ എത്തി നിൽക്കുമ്പോൾ (പടിഞ്ഞാറ് ഭാഗത്തേക്ക് നിങ്ങുമ്പോൾ മധ്യഭാഗത്ത് എത്തുമ്പോൾ)
3. സൂര്യാസ്തമയ സമയത്ത്, (അതായത് സൂര്യാസ്തമയത്തിന്റെ ആരംഭം മുതൽ ചക്രവാളത്തിൽ സൂര്യൻ പൂർണ്ണമായും അപ്രത്യക്ഷമാകുന്നതു വരെ).

ഇനി പറയുന്ന സാഹചര്യങ്ങളിൽ നിസ്കാരം അംഗീകരിക്കപ്പെടുന്നതല്ല:

a. സുബ്ഹി നിസ്കാരം നിർവഹിച്ചതിനു ശേഷം സൂര്യൻ പൂർണ്ണമായും ഉദിക്കുന്നതു വരെയുള്ള സമയം( മയ്യിത്ത് നിസ്കാരം പോലുള്ളവ ഒഴിച്ചുള്ള ) നിസ്കാരം പാടില്ലാത്തതാണ്.

b. അസ്വർ നിസ്കാരം നിർവഹിച്ചതിനു ശേഷം സൂര്യൻ പൂർണ്ണമായി അസ്തമിക്കുന്നതു വരെ( മയ്യിത്ത് നിസ്കാരം പോലുള്ളവ ഒഴിച്ചുള്ള ) നിസ്കാരം പാടില്ലാത്തതാണ്.

## 3. എങ്ങനെ നിസ്ക്കരിക്കാം.

ദൈനംദിനമായ ഫർള് നിസ്കാരങ്ങളുടെയും സുന്നത്ത് നിസ്കാരങ്ങടെയും പ്രവൃത്തികൾ ഉൾപ്പെടുന്ന ഘട്ടം ഘട്ടമായുള്ള പ്രവർത്തനങ്ങൾ ഒൻപതാം അധ്യായത്തിൽ കാണിച്ചിട്ടുണ്ട്. എല്ലാ നിസ്കാരങ്ങളും മക്കയിലെ കഅബയിലേക്ക് അഭിമുഖീകരിച്ചാണ് നടത്തുന്നത്. കഅബയിലേക്കുള്ള ഈ പൊതു ദിശയെ ഖിബ്‌ലാ എന്ന് വിളിക്കുന്നു. ഏത് സ്ഥലത്തും കിബ്‌ല കാണിക്കുന്ന മൊബൈൽ ഫോൺ അപ്ലിക്കേഷനുകൾ അൻഡ്രോയിഡ്, ഐ ഓ എസ് എന്നിവയിൽ ലഭ്യമാണ്.

## 4. നിസ്കാരം അസാധുവാകുന്ന കാര്യങ്ങൾ.

നിസ്കാരം ബാത്വിലാക്കുന്ന -അസാധുവാകുന്ന പ്രവർത്തനങ്ങൾ രണ്ടു വിഭാഗമാണ്. ഒന്ന്. മനസ്സിന്റെ അവസ്ഥയുമായി ബന്ധപ്പെട്ടവ അഥവാ ആന്തരിക കാര്യങ്ങളുമായി ബന്ധപ്പെട്ടവ.രണ്ട്.ശാരീരിക പ്രവർത്തനങ്ങൾ .

## അ. മനസ്സിന്റെ അവസ്ഥയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ

1. നിസ്കാരത്തിന്റെ ഉദ്ദേശ്യം മാറ്റുക. ഉദാഹരണത്തിന്,നിർബന്ധിത നിസ്കാരത്തിന്റെ ഇനത്തെ സുന്നത്തായി മാറ്റുന്നു.
2. ക്ഷണികമായ ഉറക്കം (മയക്കം) അല്ലെങ്കിൽ ബോധക്ഷയം എന്നിവ മുഖേന ബോധം നഷ്ടപ്പെടുന്നു. കാരണം, മനസ്സിന്റെ സാന്നിധ്യം നിസ്കാരത്തിന്റെ ഒരു മുൻ വ്യവസ്ഥയാണ്.
3. നിസ്കാരവുയുമായി ബന്ധമില്ലാത്ത പ്രശ്നങ്ങളുമായി മനസ്സിന്റെ അമിതവും മന:പൂർവവുമായ ശ്രദ്ധ.



## ഇ. ശാരീരിക പ്രവർത്തനങ്ങൾ

1. നിസ്കാരത്തിന്റെ ഘടകങ്ങളായ കാര്യങ്ങൾ താഴെ കൊടുക്കുന്നു. അവയിൽ നിന്ന് എതെങ്കിലും ഒന്ന് ഒഴിവാക്കുക.

   A. നിയ്യത്ത്

   B. നിർത്തം (കിയാം)

   C. തക്ബീറത്തുൽ ഇഹ്റാം (നിസ്കാരത്തിന്റെ തുടക്കത്തിൽ അല്ലാഹു അക്ബർ എന്നു ചൊല്ലുക.)

   D. ശ്രദ്ധ (മനസ്സിന്റെ സാന്നിധ്യം)

   E. എല്ലാ റകാഅത്തിലും ഫാതിഹ ഓതുക

   F. റുകൂഅ് ചെയ്യുക.

   G. സാഷ്ടാംഗം ചെയ്യുക (സുജൂദ് ചെയ്യുക)

   H. ഇരുത്തം ( തശഹുദ് )

   I. അതസ് ലിം (അവസാനം 'അസ്സലാമു അലൈകം വറഹ്മതുല്ലാഹ്' എന്ന് പറയുക)

2. നിസ്കാരത്തിൽ ഭക്ഷണം കഴിക്കുകയോ കുടിക്കുകയോ ചെയ്യുക

3. പ്രാർത്ഥനയുമായിബന്ധമില്ലാത്തഎന്തിനെക്കുറിച്ചും സംസാരിക്കുക.

4. പുഞ്ചിരിക്കുകയും (സ്വമേധയാ) നിസ്ക്കരത്തിൽ ചിരിക്കുകയും ചെയ്യുക.

5. പ്രാർത്ഥനയുമായി ബന്ധമില്ലാത്ത ചലനങ്ങൾ.

6. വുളൂഅ് മുറിയുന്ന കാര്യങ്ങൾ നിസ്കാരത്തിൽ ഉണ്ടാവുക.

# അധ്യായം അഞ്ച്. സംഘടിത നിസ്കാരം

4, 9 അധ്യായങ്ങൾ പൂർത്തിയാക്കിയ ശേഷം ഈ അധ്യായം വായിക്കുക

**A. ഒറ്റക്കുള്ള നിസ്കാരവും സംഘടിത നിസ്കാരവും തമ്മിലുള്ള വ്യത്യാസം:**

1. ഒറ്റക്ക് നിസ്ക്കരിക്കുമ്പോൾ (അതായത് ഒരാൾ മാത്രം), നിങ്ങൾ ഇക്കാമത്ത് ചെയ്യേണ്ടതുണ്ട് (ഒൻപതാം അധ്യായത്തിൽ വിശദീകരിച്ചത് പോലെ). സംഘടിത നിസ്കാരത്തിൽ ബാക്കിയുള്ള എല്ലാവർക്കുമായി മുഅദ്ദീൻ ഇകാമ നിർവഹിക്കുന്നു. (സ്ത്രീകൾ എല്ലാ പ്രാർത്ഥനകളിലും ഇക്കാമ പാരായണം ചെയ്യുന്നില്ല).

2. ഒറ്റയ്ക്ക് നിസ്ക്കരിക്കുമ്പോൾ നിങ്ങൾ എല്ലാം നിശബ്ദമയാണ് പാരായണം ചെയ്യേണ്ടത്. എന്നാൽ സംഘടിത നിസ്ക്കരിക്കുമ്പോൾ ഇമാം ഉറക്കെ പറയും ബാക്കിയുള്ളവർ അത് കേൾക്കും. ഉറക്കെ ചെയ്യുന്ന കാര്യങ്ങൾ നമുക്ക് വായിക്കാം.

   a. പ്രാരംഭം കുറിക്കുന്നത് 'അല്ലാഹു അക്ബർ എന്ന് പറഞ്ഞു കൊണ്ടാണ്.(അറബിയിൽ തക്ബി റത്തുൽ ഇഹ്റാം).

   b. ആദ്യ രണ്ട് രാകകളിൽ ഫാത്തിഹ സൂറത്ത് പാരായണം ചെയ്യുക. ( ളുഹർ, അസ്ർ നിസ്കാരങ്ങളിൾ ഒഴികെ, ഇവയിൽ നിശബ്ദമായി പാരായണം ചെയ്യുന്നു).

   c. ആദ്യത്തെ രണ്ട് റകാഅത്തുകളിൽ അൽ-ഫാത്തിഹയ്ക്ക് ശേഷം സൂറ പാരായണം, (സൂറ ആവശ്യമുള്ള പ്രാർത്ഥനകളിൽ).

   d. റുകൂഈലേക്ക് പോകുമ്പോഴും, സുജൂദ് ചെയ്യുമ്പോഴും, ഇരിക്കുമ്പോഴും നിൽക്കുമ്പോഴും അല്ലാഹു അക്ബർ എന്ന് പറയുക.

   e. റുകൂഈൽ നിന്ന് ഉയരുമ്പോൾ സമി അല്ലാഹു ലി മൻ ഹമിദ.

   f. അസ്സലാമു അലൈകും വ റഹ്മത്തുള്ളാഹ് എന്ന് ഇമാം നിസ്കാരം പൂർത്തിയാക്കുമ്പോൾ പറയുക.

പതുക്കെ ഇമാം പറയുന്നതെല്ലാം പറയുക. c-യിൽ പറഞ്ഞ കാര്യം ഒഴികെ. നിങ്ങൾ പാരായണം ചെയ്യേണ്ടതില്ല കേൾക്കുക മാത്രമാണ് ചെയ്യേണ്ടത്. ഇ'യിൽ ഇമാം പറയുന്നത് നിങ്ങൾ ആവർത്തിക്കേണ്ടതില്ല, പക്ഷേ നിങ്ങൾ' റബ്ബാന വാലക അൽ ഹാംദ് ' എന്ന് നിന്ന ശേഷം പറയുക.

3. ഫാതിഹയും, സൂറത്തും പാരായണം ചെയ്യാൻ നിർദേശമുള്ള നിസ്കാരം ഒറ്റയ്ക്ക് നിർവഹിക്കുകയാണെങ്കിൽ രണ്ടും പതുക്കെയാണ് പാരായണം ചെയ്യേണ്ടത്. ഇനി നിസ്കാരം സംഘടിതമെങ്കിൽ നിങ്ങൾ ഫാതിഹ മാത്രം പാരായണം ചെയ്യുക. ശേഷം ഇമാം സൂറത്ത് ഉറക്കെ പാരായണം ചെയ്യുന്നതാണ്.

## B. എങ്ങനെ സംഘടിത നിസ്കാരത്തിൽ സംബന്ധിക്കാം

ഏതെങ്കിലും സംഘടിത നമസ്കാരത്തിൽ നിങ്ങൾ വൈകി വന്നു. നിസ്കാരമാണെങ്കിൽ ആരംഭിച്ചിരിക്കുന്നു. എങ്കിൽ നിങ്ങൾക്ക് ആ നിസ്കാരത്തിൽ ചേരാനും ഇമാം 'അസ്-സലാമു അലികം വരാഹ്മത്തുല്ലാഹ്'ഉപയോഗിച്ച്പ്രാർത്ഥനഅവസാനിപ്പിക്കുമ്പോൾ നിങ്ങൾക്ക് നഷ്ടമായ കാര്യങ്ങൾ വിണ്ടെടുത്ത് 'പരിഹരിക്കാനും കഴിയും. സംഘടിത നമസ്കാരത്തിൽ എങ്ങനെ പങ്കുചേരണമെന്ന് വ്യക്തമാക്കുന്ന രണ്ട് ഉദാഹരണങ്ങളാണ് ഇനിപ്പറയുന്നവ.

## ഉദാഹരണം ഒന്ന്.

ഇശാ നിസ്കാരത്തിൽ ഇമാം രണ്ടാമത്തെ റ കാഅത്തിൽ അൽ-ഫാത്തിഹ പാരായണം ചെയ്യുന്ന സന്ദർഭത്തിലാണ് നിങ്ങൾ അവിടെ എത്തുന്നത്. എങ്കിൽ നിസ്കാരത്തിൽ ഇനിപ്പറയുന്ന രീതിയിൽ ചേരുക:

1. നിയ്യത്തു ചെയ്യുക.
2. 'അള്ളാഹു അക്ബർ എന്ന് പറഞ്ഞു നിസ്കാരത്തിൽ പ്രവേശിക്കുക.
3. വജ്ജഹത് ഓതുക
4. ഇമാമിനെ പിന്തുടർന്ന് ഫാതിഹ ഓതുക.
5. നിങ്ങളുടെ ഫാതിഹക്ക് ശേഷം ഇമാമിന്റെ സൂറത്ത് ശ്രദ്ധിച്ച് കേൾക്കുക.
6. ഇമാം നിസ്കാരം പൂർത്തിയാക്കുന്നതു വരെ പിന്തുടരുക.
7. ഇമാം നിസ്കാരം പൂർത്തിയാക്കുമ്പോൾ നിങ്ങൾ അല്ലാഹു അക്ബർ എന്ന് പറയാതെ നിൽക്കുക.
8. ഫാതിഹയും, സൂറത്തും പാരായണം ചെയ്യുക.
9. കുനിയുകയും സാഷ്ടാംഗം പ്രണമിക്കുകയും ചെയ്യുക
10. നിങ്ങൾ ഇപ്പോൾ നിസ്കാരത്തിൽ ചേർന്ന ഘട്ടത്തിലാണ്.
11. അല്ലാഹു അക്ബർ എന്ന് പറയാതെ ഇരിക്കുക.
12. അസ്സലാമുഅലൈകുംവറഹ്മത്തുല്ലാഹ്എന്ന്പറഞ്ഞ്നിസ്കാരത്തിൽ നിന്ന്വിരമിക്കുക.

## ഉദാഹരണം രണ്ട്.

ഇമാം രണ്ടാമത്തെ റകാഅത്തിൽ ആദ്യ ഇരുത്തത്തിലാണ്. നിസ്കാരം ളുഹർ. എങ്കിൽ ഈ പറയുന്ന രീതിയിൽ നിസ്കാരത്തിലേക്ക് പ്രവേശിക്കാം

1. നിയ്യത്തു ചെയ്യുക
2. അള്ളാഹു അക്ബർ എന്ന് പറഞ്ഞു നിസ്കാരത്തിൽ പ്രവേശിക്കുക.
3. വജ്ജഹത് ഓതുക

4. അഊദു ബില്ലാഹി മിന ശൈത്വാനി റജീം എന്ന് പറയുക.

5. ഇമാം നിസ്കാരം പൂർത്തിയാക്കുമ്പോൾ നിങ്ങൾ അല്ലാഹു അക്ബർ എന്ന് പറയാതെ നിൽക്കുക.

6. ഫാതിഹ ഓതുക, റുകൂഅ്, സുജൂദ്, എന്നിവ ചെയ്യുക.(ഇതാണ് ഓന്നാമത്തെ റകാഅത്ത്.

7. ഫാതിഹ ഓതുക, റുകൂഅ്, സുജൂദ്, എന്നിവ ചെയ്യുക.(ഇതാണ് രണ്ടാമത്തെ റകാഅത്ത്.

8. നിങ്ങൾ ഇപ്പോൾ നിസ്കാരത്തിൽ ചേർന്ന ഘട്ടത്തിലാണ്.

9. നിങ്ങൾ നിസ്കാരത്തിൽ ചേരുമ്പോൾ ആദ്യത്തെ അത്തഹിയാത്ത് പാരായണം ചെയ്യാൻ നിങ്ങൾക്ക് കഴിഞ്ഞുവെങ്കിൽ, 'അസ്സലാമു അലികം വരാഹ്മത്തുല്ലാഹ്' എന്ന് പറഞ്ഞ് നിസ്കാരം അവസാനിപ്പിക്കുക. നിങ്ങൾ നിസ്കാരത്തിൽ ചേരുമ്പോൾ ആദ്യത്തെ അത്തഹിയാത് പാരായണം ചെയ്യാൻ നിങ്ങൾക്ക് കഴിഞ്ഞില്ലെങ്കിൽ, അത് പാരായണം ചെയ്യുക, തുടർന്ന് നിസ്കാരം അവസാനിപ്പിക്കുക

നിങ്ങൾക്ക് ഏത് സമയത്തും സംഘടിത നിസ്കാരത്തിൽ ചേരാനും ഉദാഹരണങ്ങളിൽ കാണിച്ചിരിക്കുന്നതുപോലെ സമാനമായ രീതിയിൽ നിങ്ങൾക്ക് നഷ്ടമായ ഭാഗങ്ങൾ വിണ്ടെടുക്കാനും കഴിയും. ഇമാമിനൊപ്പം നിസ്കാരത്തിന്റെ അവസാനം വരെ പോയി നിങ്ങൾക്ക് നഷ്ടമായ കാര്യങ്ങൾ പരിഹരിക്കുക എന്നതാണ് കാര്യം.



## സംഘടിത നമസ്കാരത്തെ പറ്റിയുള്ള തിരുവചനം

قَالَ رَسُولَ اللَّهِ صلى الله عليه وسلم

مَـنْ صَلَّـى الْعِشَـاءَ فِـي جَمَاعَـةٍ فَكَأَنَّمَـا قَـامَ نِصْـفَ اللَّيْـلِ وَمَـنْ صَلَّـى الصُّبْـحَ فِـي جَمَاعَـةٍ فَكَأَنَّمَـا صَلَّـى اللَّيْـلَ كُلَّـهُ

അല്ലാഹുവിന്റെ റസൂൽ പറഞ്ഞു: സംഘടിതമായി 'ഈശാ' നമസ്കാരം നിർവഹിച്ചവൻ അർദ്ധരാത്രി വരെ നിസ്ക്കരിച്ചവനെ പോലെയാണ്, സംഘടിതമായി പ്രഭാത നിസ്കാരം നടത്തിയവൻ രാത്രി മുഴുവൻ നിസ്കരിച്ചവനെ പോലെയാണ്.

(മുസ്ലീമും തിർമിദിയും നിവേദനം ചെയ്തത്)

عَنْ عُثْمَـانَ بْـنِ عَفَّـانَ، قَـالَ سَـمِعْتُ رَسُـولَ اللَّهِ صلى الله عليـه وسـلم يَقُـولُ « مَـنْ تَوَضَّـأَ لِلصَّـلاَةِ فَأَسْـبَغَ الْوُضُـوءَ ثُـمَّ مَشَـى إِلَـى الصَّـلاَةِ الْمَكْتُوبَـةِ فَصَلاَّهَـا مَـعَ النَّـاسِ أَوْ مَـعَ الْجَمَاعَـةِ أَوْ فِـي الْمَسْـجِدِ غَفَـرَ اللَّهُ لَـهُ ذُنُوبَـهُ »

ഉസ്മാൻ ഇബ്നു അഫാൻ പറഞ്ഞു: "ഞാൻ അല്ലാഹുവിന്റെ റസൂൽ (സ)പറയുന്നത് കേട്ടു ". ആരെങ്കിലും ഒരാൾ സംഘടിത നിസ്കാരത്തിനു വേണ്ടി വുളൂഅ് ചെയ്ത് പള്ളിയിലേക്കോ, ജനങ്ങളിലേക്കോ നിങ്ങിയാൽ അവന്റെ പാപങ്ങൾ അല്ലാഹു പെറുക്കുന്നതാണ്.

നസാഈ നിവേദനം ചെയ്തത്

# അധ്യായം ആറ് സ്ത്രീകളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ

സ്ത്രീകൾക്കും പുരുഷന്മാർക്കും പൊതുവായുള്ള ത്വഹാറ (ശുദ്ധീകരണം), സ്വലാത്ത്( നിസ്കാരം) എന്നിവയുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇതിനകം ഈ പുസ്തകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ അധ്യായം സ്ത്രീകൾകളുടെ പ്രത്യേകമായ പ്രശ്നങ്ങളെ അഭിസംബോധന ചെയ്യുന്നു.

1. സ്ത്രീകൾ അവരുടെ ആർത്തവ /പ്രസവത്തിനു ശേഷം ഉണ്ടാകുന്ന രക്ത സ്രവത്തിന്റെ കാലയളവിൽ നിസ്ക്കരിക്കാനോ വ്രതമനുഷ്ഠിക്കാനോ പാടില്ല.
2. ആർത്തവവിരാമം അല്ലെങ്കിൽ പ്രസവാനന്തര രക്തസ്രാവം അവസാനിച്ചതിന്റെ ലക്ഷണങ്ങൾ കണ്ടാലുടൻ സ്ത്രീകൾ നിയമാനുസൃതമായ കുളി നടത്തുകയും ത്വഹാറ സ്ഥാനത്തേക്ക് മടങ്ങുകയും വേണം.
3. ഒരുസ്ത്രീവിശുദ്ധിയുടെഅവസ്ഥയിലേക്ക്(ത്വഹാറ)മടങ്ങിയെത്തുമ്പോൾ, ആർത്തവത്തിനിടയിലോ പ്രസവാനന്തര രക്തസ്രാവത്തിലോ അവൾക്ക് നഷ്ടപ്പെട്ട നിസ്കാരങ്ങൾ അവൾ മടക്കി നിർവഹികേണ്ടതില്ല.
4. മൂന്ന് മുതൽ പത്ത് വരെയുള്ള ദിവസങ്ങൾക്കിടയിലാകുമ്പോൾ രക്തസ്രാവം ആർത്തവമായി കണക്കാക്കപ്പെടുന്നു. മൂന്ന് ദിവസത്തിൽ കുറവാണ് രക്തം ഒഴുകുന്നുവെങ്കിൽ, അത് ആർത്തവമായി കണക്കാക്കില്ല. ആചാരപരമായ കുളി നിർവഹിച്ച് നിസ്കാരം ആരംഭിക്കണം. കൂടാതെ, വിട്ടുപോയ നിസ്കാരങ്ങൾ വീണ്ടെടുത്ത് പരിഹരിക്കേണ്ടതുണ്ട്
5. ഓരോ വ്യക്തിക്കും ആർത്തവത്തിൻറെ കാലയളവിൽ വ്യത്യാസമുണ്ട്. കാലയളവിലെ ഒരു ദിവസം എന്നത്. രക്തം സ്രാവം ആരംഭിക്കുന്ന മണിക്കൂർ മുതൽ അടുത്ത ദിവസം അതേ മണിക്കൂർ വരെയായിട്ടാണ് കണക്കാക്കുന്നത്. ഉദാഹരണത്തിന്, ആർത്തവം രാവിലെ 9 മണിക്ക് ആരംഭിക്കുകയാണെങ്കിൽ, അടുത്ത ദിവസം രാവിലെ 9 മണിക്ക് ഇത് ഒരു ദിവസമായി കണക്കാക്കപ്പെടുന്നു.
6. ആർത്തവത്തിൻറെ അവസാനത്തിന്റെ അടയാളങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ഒരാൾ ആചാരപരമായ കുളി നടത്തുകയും നിസ്കാരം പുനരാരംഭിക്കുകയും വേണം. അടയാളങ്ങളിൽ പെട്ടതാണ് നനവില്ലായ്മ.
7. ആർത്തവത്തിന് 10 ദിവസം കവിയുകയോ അല്ലെങ്കിൽ പ്രസവാനന്തര രക്തസ്രാവം സാധാരണ 40 ദിവസത്തിൽ കവിയുകയോ ചെയ്താൽ, ഒരു സ്ത്രീ ആചാരപരമായ കുളി എടുത്ത് നിസ്കാരം പുനരാരംഭിക്കണം .
8. പതിവായി ആർത്തവമുണ്ടാകുന്ന സ്ത്രീക്ക് രക്തസ്രാവമുണ്ടായൽ അവൾ ദിവസം (48മണിക്കൂർ) കാത്തിരിക്കേണ്ടതുണ്ട്. രക്തം സാധാരണ കാലയളവിനപ്പുറം തുടരുകയാണെങ്കിൽ / ആചാരാനുഷ്ഠാന കുളിക്കുന്നതിനുമുമ്പ് പുറത്ത് പോകുന്നത് തുടരുകയാണെങ്കിൽ ഒരു ദിവസം (24 മണിക്കൂർ) കാത്തിരിക്കണം. ഉദാഹരണത്തിന്. ഒരു സ്ത്രീയുടെ പതിവ് കാലയളവ് ആറ് ദിവസമാണ്. അതും കഴിഞ്ഞ് രക്തയോട്ടം തുടരുകയാണെങ്കിൽ എട്ട് ദിവസത്തിന്റെ അവസാനത്തിൽ/ രക്തസ്രാവത്തിൽ നിന്ന്

മോചിതയായെങ്കിൽ ഏഴാം ദിവസത്തിന്റെ അവസാനത്തിൽ അവൾ ആചാരപരമായ കുളി നടത്തണം. അനിയന്ത്രിതർക്കും തുടക്കക്കാർക്കും, 10 ദിവസത്തെ നിയമം (മുകളിലുള്ള പോയിന്റ് 7) ബാധകമാണ്.

9. ആർത്തവത്തിന് മുമ്പ് സംഭവിക്കുന്ന രക്ത നിർത്തലാകുന്നതിനെ ആർത്തവമായി കണക്കാക്കില്ല.
10. ആർത്തവം നിലച്ചു എന്ന് ഗണിക്കപ്പെടുന്നത് 24 മണിക്കൂർ കഴിഞ്ഞതിനു ശേഷം മാത്രമാണ്. ഈ 24 മണിക്കൂറിനുള്ളിൽ ആർത്തവത്തിന്റെ അവസാനത്തിന്റെ ലക്ഷണങ്ങൾ കണ്ടാൽ ഒരാൾ ആചാരപരമായ കുളിക്കണം.
11. പ്രായപൂർത്തിയാകാത്തവർഉണ്ടാകുന്നരക്തസ്രാവം(ചാന്ദ്രകലണ്ടറിൽ 9 വയസ്സിന് താഴെയുള്ളവർ അല്ലെങ്കിൽ സോളാർ കലണ്ടറിൽ 8 ½ വയസ്സിന് താഴെയുള്ളവർ) ഉണ്ടാവുകയും, ആർത്തവവിരാമം നേരിട്ടാലും അവ ആർത്തവ രക്തമായി കണക്കാക്കില്ല. അവർ ആചാരപരമായ കുളി എടുത്ത് നിസ്കാരം നിർവഹിക്കേണ്ടതില്ല.
12. ആർത്തവത്തിനു ശേഷമോ പ്രസവാനന്തര രക്തസ്രാവത്തിനോ ശേഷം ആചാരപരമായ കുളി എടുക്കുമ്പോൾ, സ്ത്രീകൾ മുടി പൂർണ്ണമായും കഴുകുന്നതിനായി അവരുടെ മുടി നെയ്തത് (മെടഞ്ഞ് കെട്ടിയത്) പഴയപടിയാക്കണം. എന്നാൽ, ലൈംഗിക ബന്ധത്തിന് ശേഷം ഒരു സ്ത്രീക്ക് അവരുടെ മുടികെട്ടിവെച്ചത് പഴയപടിയാക്കേണ്ടതില്ല. വെള്ളം തലയോട്ടിയിൽ എത്തുമെന്ന് ഉറപ്പാക്കാൻ മുടിക്കെട്ട് നന്നായി കഴുകിയാൽ മതിയാകും.
13. പള്ളികളിൽ സ്ത്രീകൾക്ക് സംഘടിത നമസ്കാരത്തിൽ പങ്കെടുക്കാമെങ്കിലും ഉചിതം വിട്ടിൽ നിസ്ക്കരിക്കലാണ്. നബി (സ) പറഞ്ഞു; 'ഒരു സ്ത്രീയുടെ നിസ്കാരത്തിന് അവളുടെ വീടാണ് കൂടുതൽ പുണ്യകരം. ഇനി അവൾ സംഘടിത നിസ്കാരത്തിന് പോയാൽ, അവൾ ഉചിതമായ വസ്ത്ര ധാരണ രീതി പാലിക്കുകയും, അലങ്കാരങ്ങളിൽ നിന്ന് മുക്തമാവുകയും വേണം.



# അധ്യായം ഏഴ് - നിസ്കാരം ഇസ്ലാമിക കർമ്മ ശാസ്ത്ര ധാരകളിലെ വിവരണങ്ങൾ

ഇസ്ലാമിക നിയമവും ആചാരങ്ങളും ആരാധനാരീതികളും ഖുർആനിൽ നിന്നും, പ്രവാചക സമാപ്തികനായ മുഹമ്മദിന്റെ പഠിപ്പിക്കലുകളിൽ -അദ്ദേഹത്തിന് സമാധാനം ഉണ്ടാകട്ടെ - നിന്നുമാണ് നിർദ്ധരിക്കുന്നത്. ഇതിലൂന്നിയ ഇസ് ലാമിക നിയമത്തിന് വ്യാഖ്യാനത്തിന്റെ വിവിധ ധാരകൾ ഉണ്ട്. വിഭാഗങ്ങൾ' അല്ലെങ്കിൽ 'മാദ്ഹബുകൾ' എന്നും വിളിക്കപ്പെടുന്നു. ഈ വിവിധ ധാരകൾ നിയമത്തിന്റെ അടിസ്ഥാനത്തിലും ഇസ്ലാമിക ആചാരങ്ങളിലും ആരാധനയിലുമുള്ള ആവശ്യപ്പെടലുകളിൽ വ്യത്യാസമില്ല. അവ വ്യത്യാസപ്പെടുന്നിടത്ത് കുറച്ച് നിർദ്ദിഷ്ട വിശദാംശങ്ങളുണ്ട്, പ്രധാനമായും ഖുർആനിലെ ചില വാക്യങ്ങളുടെ വ്യാഖ്യാനത്തിലും പ്രവാചക പഠിപ്പിക്കലുകളിലുമാണ് ഇതുണ്ടാകുന്നുത്.

ലോകത്തുള്ള എല്ലാ മുസ് ലിംകളും ദൈന ദിന നിസ്കാരങ്ങളും, ആരാധനകളും നിർവഹിക്കുകയും, നിർദ്ദിഷ്ട വ്യവസ്ഥകൾ പാലിക്കുകയും ചെയ്യുന്നവരാണ്. പക്ഷേ, ഉപരിസൂചിത കാരണത്താൽ നിസ്കാരത്തിന്റെ ശാഖപരമായ വിശദാംശങ്ങളിലും അതിന്റെ മുൻവ്യവസ്ഥയിലും വ്യത്യാസമുണ്ട്. ഈ വ്യതിയാനങ്ങൾ എവിടെ സംഭവിക്കുന്നു എന്നതിന്റെ ചില ഉദാഹരണങ്ങൾ ഇനിപ്പറയുന്നവയാണ്:

1. വുളൂഅ്-ന്റെ തുടക്കത്തിൽ ബിസ്മി ചൊല്ലുക.
2. തക്ബിറത്തുൽ ഇഹ്റാം ചെയ്യുമ്പോഴും, റുകൂഈന് മുമ്പും, ശേഷവും കൈ ഉയർത്തുക.
3. തക്ബ് റിനു മുൻപോ ശേഷമോ വജഹ്തു ഓതുക.
4. നിൽക്കുമ്പോൾ നെഞ്ചിന് കുറുകെ കൈകൾ മടക്കികെട്ടുക.
5. ളുഹർ, അസ്വർ നിസ്കാരത്തിൽ ആദ്യത്തെ രണ്ടു റകാഅത്തുകളിൽ ഫാതിഹക്ക് ശേഷം ഖുർആൻ പാരായണം ചെയ്യുക.
6. നിസ്കാരത്തിൽ കുനൂത്ത് നിർവഹിക്കുക.
7. ഫാതിഹക്ക് ശേഷം ആമീൻ പറയുക.

ഈ വ്യതിയാനങ്ങൾ പ്രാർത്ഥനയുടെ സത്തയെയും അതിന്റെ ആവശ്യകതകളെയും അസാധുവാക്കില്ല. അല്ലാഹുവിന്റെ കൽപ്പനകൾ പാലിക്കുന്നതിനും നമ്മുടെ ദൈവബോധം കാത്തുസൂക്ഷിക്കുന്നതിനുമായി നമ്മുടെ ദൈനംദിന നമസ്കാരങ്ങൾ നിർവഹിക്കുക എന്നതാണ് പ്രധാന കാര്യം. നിങ്ങളുടെ സമൂഹത്തിലെ മദ്ഹബുകളെ പിന്തുടരുന്നത് വിവേകപൂർണ്ണമാണ്, അത് ഖുർആനിൽ നിന്നുള്ള ആധികാരികവും വിശ്വസനീയവുമായ ഉറവിടങ്ങളും പ്രവാചകന്റെ ഉപദേശങ്ങളും, അനുസരിച്ചായിരിക്കും.

لَّيْسَ ٱلْبِرَّ أَن تُوَلُّوا۟ وُجُوهَكُمْ قِبَلَ ٱلْمَشْرِقِ
وَٱلْمَغْرِبِ وَلَـٰكِنَّ ٱلْبِرَّ مَنْ ءَامَنَ بِٱللَّهِ وَٱلْيَوْمِ
ٱلْـَٔاخِرِ وَٱلْمَلَـٰٓئِكَةِ وَٱلْكِتَـٰبِ وَٱلنَّبِيِّـۧنَ وَءَاتَى ٱلْمَالَ
عَلَىٰ حُبِّهِۦ ذَوِى ٱلْقُرْبَىٰ وَٱلْيَتَـٰمَىٰ وَٱلْمَسَـٰكِينَ وَٱبْنَ
ٱلسَّبِيلِ وَٱلسَّآئِلِينَ وَفِى ٱلرِّقَابِ وَأَقَامَ ٱلصَّلَوٰةَ
وَءَاتَى ٱلزَّكَوٰةَ وَٱلْمُوفُونَ بِعَهْدِهِمْ إِذَا عَـٰهَدُوا۟
وَٱلصَّـٰبِرِينَ فِى ٱلْبَأْسَآءِ وَٱلضَّرَّآءِ وَحِينَ ٱلْبَأْسِ ۗ
أُو۟لَـٰٓئِكَ ٱلَّذِينَ صَدَقُوا۟ ۖ وَأُو۟لَـٰٓئِكَ هُمُ ٱلْمُتَّقُونَ

സത്യവിശ്വാസികളേ, കൊലചെയ്യപ്പെടുന്നവരുടെ കാര്യത്തിൽ തുല്യശിക്ഷ നടപ്പാക്കുക എന്നത് നിങ്ങൾക്ക് നിയമമമാക്കപ്പെട്ടിരിക്കുന്നു. സ്വതന്ത്രനു പകരം സ്വതന്ത്രനും, അടിമയ്ക്കു പകരം അടിമയും, സ്ത്രീക്കു പകരം സ്ത്രീയും (കൊല്ലപ്പെടേണ്ടതാണ്.) ഇനി അവന്ന് (കൊലയാളിക്ക്) തന്റെ സഹോദരന്റെ പക്ഷത്ത് നിന്ന് വല്ല ഇളവും ലഭിക്കുകയാണെങ്കിൽ അവൻ മര്യാദ പാലിക്കുകയും, നല്ല നിലയിൽ ( നഷ്ടപരിഹാരം ) കൊടുത്തു വീട്ടുകയും ചെയ്യേണ്ടതാകുന്നു. നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ള ഒരു വിട്ടുവീഴ്ചയും കാരുണ്യവുമാകുന്നു അത്. ഇനി അതിനു ശേഷവും ആരെങ്കിലും അതിക്രമം പ്രവർത്തിക്കുകയാണെങ്കിൽ അവന് വേദനയേറിയ ശിക്ഷയുണ്ടായിരിക്കും. (ഖുർആൻ 2:177)

## മര്യാദകളും ചില പ്രശ്നങ്ങളും

നിസ്ക്കരിക്കുമ്പോൾ പാലിക്കേണ്ട മര്യാദകളും, നിർവഹികേണ രീതികളും.

## നിസ്കാരത്തിന് തയ്യാറാവുക

നിസ്കാരത്തിലേക്ക് പ്രവേശിക്കുന്ന സന്ദർഭത്തിൽ സമ്മർദ്ദരഹിതമായ അവസ്ഥയിലായിരിക്കാൻവേണ്ടി ടോയ്‌ലറ്റിൽപോയതിനു ശേഷമായിരിക്കുക. നിങ്ങളുടെ നിസ്കാരത്തിൽ ജാഗ്രതയും ഏകാഗ്രതയും നിലനിർത്താൻ ഇത് നിങ്ങളെ സഹായിക്കും. നിസ്കാരത്തിന്റെ പ്രധാന ആവശ്യകതകളിലൊന്നാണ് നിർവഹിക്കുമ്പോൾ താഴ്മയും ശ്രദ്ധയും. അല്ലാഹു പറയുന്നു.

قَدْ أَفْلَحَ ٱلْمُؤْمِنُونَ ۞ ٱلَّذِينَ هُمْ فِى صَلَاتِهِمْ خَٰشِعُونَ ۞

**തങ്ങളുടെ നമസ്കാരത്തിൽ ഭക്തിയുള്ളവരായ സത്യ വിശ്വാസികൾ വിജയം പ്രാപിച്ചിരിക്കുന്നു.**
**(ഖുർആൻ 23:1-2)**

## വസ്ത്ര ധാരണ രീതി

നിസ്കാരം നിർവഹിക്കുബോൾ ശുദ്ധമായ വസ്ത്രം ധരിക്കാൻ അല്ലാഹു കൽപ്പിച്ചിട്ടുണ്ട്.

يَٰبَنِىٓ ءَادَمَ خُذُوا۟ زِينَتَكُمْ عِندَ كُلِّ مَسْجِدٍ

**ആദം സന്തതികളെ, എല്ലാ ആരാധനാലയത്തിങ്കലും നിങ്ങൾക്ക് അലങ്കാരമായിട്ടുള്ള വസ്ത്രങ്ങൾ ധരിച്ചു കൊള്ളുക.(ie എല്ലാ നിസ്കാരത്തിലും )**

**(ഖുർആൻ 7:31).**

ശരീരത്തിലെ എല്ലാ സ്വകാര്യ ഭാഗങ്ങളെയും മറക്കുന്ന വസ്ത്രമാണ് ധരിക്കേണ്ടത്. പുരുഷന്റെ ഔറത്ത് പെക്കിൾ മുതൽ മുട്ട് വരെയാണ് എന്ന് നിർവചിക്കപ്പെട്ടിട്ടുണ്ടെങ്കിലും നമ്മുടെ പ്രാർത്ഥനയിൽ നാം അല്ലാഹുവിനോടുള്ള ബഹുമാനത്തിനും ആദരവിനും അനുയോജ്യമായ രീതിയിൽ മാന്യമായും ഉചിതമായും വസ്ത്രം ധരിക്കണം. സ്ത്രീകൾ മുഖവും മുകൈയും ഒഴിച്ചുള്ള ഭാഗങ്ങളെല്ലാം നിസ്കാരത്തിന് മറക്കൽ നിർബന്ധമാണ് ഇറുകിയതോ സുതാര്യമോ ആയ വസ്ത്രങ്ങൾ പുരുഷന്മാർക്കും സ്ത്രീകൾക്കും അനുയോജ്യമല്ല. കൂടാതെ, പുരുഷന്മാർക്ക് എല്ലായ്പ്പോഴും സ്വർണ്ണമോ പട്ടുവസ്ത്രമോ ധരിക്കാൻ പാടുള്ളതല്ല.

## ൾങ്ങരാകസ്ീന തിടഘ്ലംസ

പുരുഷന്മാർ ദൈനദിന നിസ്കാരം നിർബന്ധമായും സംഘടിതമായിട്ടാണ് നിർവഹിക്കേണ്ടത്. ഇത് ഒഴിവാക്കാൻ പരിഗണനിയമായ കാരണങ്ങളുണ്ടെങ്കിൽ ഒഴികെ, രോഗം, പ്രതികൂലമായ കാലാവസ്ഥ, ഒരാളുടെ സുരക്ഷയെക്കുറിച്ചുള്ള ഭയം തുടങ്ങിയവ മതിയായ കാരണങ്ങളുടെ ഉദാഹരണങ്ങളാണ്. നബി (സ) പറഞ്ഞു; ' സംഘടിതമായി നിസ്ക്കരിക്കുന്നത് ഒറ്റയ്ക്ക് നിസ്ക്കരിക്കുന്നതിനേക്കാൾ ഇരുപത്തിയേഴു മടങ്ങ് പ്രതിഫലദായകമാണ്'[6]

സംഘടിതമായി സ്ത്രീകൾ നിസ്കാരം നടത്തേണ്ടത് നിർബന്ധമല്ല.

## സുന്നത്ത് നിസ്കാരങ്ങൾ (സുന്നത്ത് - ഏകവചനം, സുനൻ ബഹുവചനം)

വൈയക്തിക ബാധ്യതയായ അഞ്ചു നേരത്തെ നിസ്കാരത്തിനു ശേഷവും മുൻപുമായി സുന്നത്ത് നിസ്കാരങ്ങൾ നിർവഹിക്കുന്നത് വ്യക്തിയിൽ ദൈവീക സാമീപ്യം സാധ്യമാക്കുന്നു. കൂടുതൽ പ്രതിഫലം കരസ്ഥമാക്കാൻ ഇത് സഹായകമാണ്. അധ്യായം 4, ഭാഗം ഒന്നിൽ സൂചിപ്പിച്ചവ കൂടാതെ, ഇനിപ്പറയുന്നവ മറ്റു സുന്നത്ത് നിസ്കാരങ്ങളാണ്.

- പള്ളിയിൽ പ്രവേശിക്കുമ്പോൾ നിർവഹിക്കേണ്ട രണ്ട് റകാഅത്തുകൾ. ഈ സുന്നത്തിനെ തഹിയത്തുൽ മസ്ജിദ് / പള്ളിയിലേക്കുള്ള കാണിക്കമെന്നും വിളിക്കുന്നു.
- സൂര്യോദയത്തിനു ശേഷം രണ്ടോ നാലോ റകാഅത്തുകൾ. സൂര്യൻ മധ്യാഹനത്തിൽ എത്തുന്നത് വരെയാണ് ഈ നിസ്കാരത്തിന്റെ സമയം. ഇതിനെ ദുഹാ നിസ്കാരം എന്ന് വിളിക്കുന്നു.
- ഇശാ നിസ്കാരത്തിന് മുമ്പുള്ള രണ്ട് / നാല് റകാഅത്തുകൾ
- അർദ്ധ രാത്രിയിൽ രണ്ടോ അതിലധികമോ റകാഅത്തുകളിലായുള്ള നിസ്കാരം(ഇതിനെ നിശാ നിസ്കാരം എന്ന് വിളിക്കുന്നു.).

രണ്ട് റകാഅത്തുകളുടെ ക്രമത്തിലാണ് സുന്നത്ത് നിസ്കാരങ്ങൾ നടത്തുന്നത്. പള്ളിയിലോ വീട്ടിലോ മറ്റ് സ്ഥലങ്ങളിലോ ആയി നടത്താം. എന്നിരുന്നാലും, നമ്മുടെ ചില ഐച്ഛിക പ്രാർത്ഥനകൾ വീടുകളിൽ നടത്തണമെന്ന് നബി (സ) നിർദേശിച്ചിട്ടുണ്ട്.

## യാത്രയിലെ നിസ്കാരങ്ങൾ

നിങ്ങൾ യാത്ര ചെയ്യുമ്പോൾ, ദുഹർ, അസ്ർ, ഇശാ എന്നി നിസ്കാരങ്ങളിലെ നാല് റകാഅത്തുകളിൽ നിന്ന് രണ്ടായി ചുരുക്കേണ്ടതുണ്ട്. ഫജർ, മഗ്‌രിബ് പ്രാർത്ഥനകൾ അതേപടി നിർവഹിക്കേണ്ടതാണ്.നിങ്ങൾ ധുഹർ, അസ്ർ, ഇഷാ പ്രാർത്ഥനകൾ ചെറുതാക്കുമ്പോൾ, ആദ്യത്തെ രണ്ട് റാക്കകൾ മാത്രമാണ് നിങ്ങൾ പ്രാർത്ഥിക്കുന്നത്, തുടർന്ന് നിങ്ങൾ മുഴുവൻ തഹിയത്ത് പാരായണം ചെയ്യേണ്ടതാകുന്നു.

അതുപോലെ നിങ്ങൾക്ക്(A) ചുരുക്കി നിർവഹിക്കുന്ന ളുഹറും, അതേ

6 ഈ തിരുവചനം ഇമാം റബീഅ്, ബുഖാരി, ഇബ്നു മാജ തുടങ്ങിയവർ നിവേദനം ചെയ്തിട്ടുണ്ട്.

തുടർന്നുള്ള അസ്വറും സംയോജിപ്പിച്ച് ഈ രണ്ടു നിസ്കാരങ്ങളുടെ സമയങ്ങളിലായി, മഗ്രിബിന് മുന്നോടിയായി നിർവഹിക്കാവുന്നതാണ്. (B) മഗ്രിബും, ചുരുക്കി നിർവഹിക്കുന്ന ഇശായും സംയോജിപ്പിച്ചു കൊണ്ട് അർദ്ധ രാത്രിക്ക് മുമ്പായി നിർവഹിക്കാവുന്നതാണ്. സംയോജിപ്പിച്ച് നിങ്ങൾ നിസ്ക്കരിക്കമ്പോൾ വിത്റ് ഒഴികെയുള്ള മറ്റു നിസ്കാരങ്ങൾ നിർവഹിക്കരുത്.

നിങ്ങൾ യാത്രക്കാരനാണെങ്കിൽ വെള്ളിയാഴ്ച്ച ജുമുഅ: നിസ്കാരം നിർബന്ധമില്ല. പകരം അവർ ളുഹറാണ് നിസ്ക്കരിക്കേണ്ടത്.

## രോഗിയുടെ നിസ്കാരം

രോഗിയുടെ അനാരോഗ്യത്തെ പരിഗണിച്ച് രോഗികൾക്ക് നിസ്കാരത്തിൽ ചില ഇളവുകൾ ഉണ്ട് അവ നമുക്ക് വായിക്കാം.

1. യാത്രക്കാരനെ പോലെ നിസ്കാരത്തെ ചെറുതാക്കാനും, സംയോജിപ്പിക്കാനും അനുമതിയുണ്ട്.
2. വെള്ളം ഉപയോഗിച്ച് അംഗ സ്നാനം നിർവഹിക്കാൻ സാധിക്കാത്തവർക്ക് മണ്ണ് ഉപയോഗിച്ച് തയ മും ചെയ്യാം
3. ഇരുന്നു കൊണ്ടോ, കിടന്നോ നിസ്കാരം നിർവഹിക്കാം. റുകൂഅ് ചെയ്യാനോ, സുജൂദ് ചെയ്യാനോ കഴിയാത്തവർക്ക് തല കുനിച്ച് ഈ പ്രവർത്തനങ്ങൾ ചെയ്യാവുന്നതാണ്.
4. മേൽപ്പറഞ്ഞവയൊന്നും ചെയ്യാൻ കഴിയുന്നില്ലെങ്കിൽ, കണ്ണുകളുടെ ചലനത്തിലൂടെ ഒരാൾക്ക് നിസ്ക്കരിക്കാവുന്നതാണ്.
5. മേൽപ്പറഞ്ഞതിനും സാധ്യമല്ലെങ്കിൽ, ഓരോ നിർബന്ധിത നിസ്കാരത്തിലും അഞ്ച് തക്ബീർ (അല്ലാഹു അക്ബർ) പറയണം
6. ഇതിനും കഴിയുന്നില്ലെങ്കിൽ രോഗിയായ വ്യക്തി നിസ്ക്കരിക്കാൻ ഇനി ബാധ്യസ്ഥനല്ല, കാരണം നമ്മുടെ കഴിവുകൾക്ക് അതീതമായി അല്ലാഹു നമ്മെ ഭാരപ്പെടുത്തുന്നില്ല

## നഷ്ട്ടപ്പെട്ട നിസ്കാരം

നിസ്കാരം മുറ പോലെ നിർവഹിക്കുന്നതിൽ ഒരോ വിശ്വാസിയും എപ്പോഴും ജാഗരൂകരായിരിക്കണം. തങ്ങളുടെ നിസ്കാരത്തെ നിസ്സാരമായി കാണുന്നവർക്ക് അല്ലാഹു ഖുർആനിൽ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. അത് വായിക്കാം

فَوَيْلٌ لِّلْمُصَلِّينَ ۞ ٱلَّذِينَ هُمْ عَن صَلَاتِهِمْ سَاهُونَ

**തങ്ങളുടെ നിസ്കാരത്തെപ്പറ്റി ശ്രദ്ധയില്ലാത്തവരായ - നിസ്ക്കരിക്കുന്നവർക്കു തന്നെയാണ് നാശം (ഖുർആൻ 107:4-5)**

ഇനി, ഉറക്കം, മറവി എന്നീ കാരണത്താൽ ഒരാൾ നിർബന്ധിത പ്രാർത്ഥന നഷ്ടപ്പെടുത്തി. ശേഷം അയാൾക്ക് ഓർമ്മ വരുകയോ ഉറക്കത്തിൽ നിന്ന് ഉണരുകയോ ചെയ്താലുടൻ നഷ്ടപ്പെട്ട നിസ്കാരം വീണ്ടെടുക്കണം.

## നിസ്കാരത്തിലെ മറവി

നിസ്കാരത്തിന്റെ ഒരു ഭാഗം നിങ്ങൾ മറന്നിട്ടുണ്ടെങ്കിൽ (നിസ്കാരത്തെ മൊത്തത്തിൽ അസാധുവാക്കുന്ന അവശ്യ ഭാഗങ്ങൾ ഒഴികെ, അധ്യായം 4, ഇനം 4 ബി, എ എന്നിവിടങ്ങളിലായി പരാമർശിച്ചവ), നിങ്ങൾ നിസ്കാരത്തിന്റെ 'അവസാനത്തിൽ മറവിയുടെ രണ്ട് പ്രണാമങ്ങൾ (സുജൂദ് അസഹ് വ്) നടത്തണം. ശേഷം അസ്സലം അലൈകം വാ റഹ്മത്തു ലാഹ് പറഞ്ഞ് നിസ്കാരം വിരമിക്കാം

## നിസ്കാരത്തിനു ശേഷമുള്ള പാപമോചന പ്രാർത്ഥന

നിസ്കാരത്തിൽ നിന്ന് വിരമിച്ചാൽ പ്രത്യേകിച്ച് അഞ്ചു വക്ത്ത് നിസ്കാരത്തിൽ നിന്ന്, അല്ലാഹുവിനോട് പാപമോചനാർത്ഥന നടത്തണം. അല്ലാഹുവോട് പറയുക:

- أَسْتَغْفِرُ الله 3x
- اَللّٰهُمَّ أَنْتَ السَّلاَمُ، وَمِنْكَ السَّلاَمُ، تَبَارَكْتَ يَا ذَا الْجَلاَلِ وَالْإِكْرَامِ
- اَللّٰهُمَّ أَعِنَّا عَلى ذِكرِكَ، وشكرك، وحُسنِ عِبَادَتِك
- اَللّٰهُمَّ إِنَّكَ عَفُو كَرِيمٌ تُحِبُ العَفو فَاعَفُوعَنَّا
- اللهُمَ صَلِ وسَلِم وبَارِك عَلى سَيِّدنا مُحَمَّد وَعَلى آلِ سيِّدنا مُحَمَّد كَما صَلَّيتَ وَسَلَّمتَ وبَارَكتَ عَلى سَيِّدنا إبراهيم وَعَلى آلِ سَيِّدنا إبراهيم في العَالمين إنَّكَ حميدٌ مَجيد

- അസ്തഗ്ഫിറുല്ലാഹ് (മൂന്ന് പ്രവാശ്യം)
- അല്ലാഹുമ്മ അൻത സലാം വ മിൻക സലാം തബാറക് ത യാ ദൽജലാലു വൽ ഇക്റാം
- അല്ലാഹുമ്മ അയിന്ന അല ദിഖ്റിക വ അല ശുക് റിക വ ഹുസ്നി ത്വാഅതിക
- അല്ലാഹുമ്മ ഇന്നക അഫുവുൻ കരീമുൻ. തുഹിബ്ബുൽ അഫുവ അഫു അന്നാ
- അല്ലാഹുമ്മ സ്വല്ലി വസ്വല്ലിം വ ബാരിഖ് അലാ സയ്യിദിനാ മുഹമ്മദ്. വ അല ആ ലി സയ്യിദിനാ മുഹമ്മദ് കമാ സ്വല്ലയ്ത വ സല്ലമ്ത 'വ ബാറക് ത അല സയ്യിദിനാ ഇബ്റാഹിം വ അല ആലി സയ്യിദിനാ ഇബ്റാഹിം ഫിൽ ആലമീന ഇന്നക്ക ഹമീദുൻ മജീദ്
- യാ റബ്ബി, നിന്നോട് പാപമോചനം തേടുന്നു. 3
- അല്ലാഹുവേ, നീ സമാധാനവും സമാധാനത്തിന്റെ ഉറവിടവും ആകുന്നു; വാഴ്ത്തപ്പെട്ടവനും മഹത്വവുമുള്ളവനാണ്
- അല്ലാഹുവേ, നിന്നെ സ്മരിക്കാനും, 'നന്ദി അർപ്പിക്കാനും ഏറ്റവും നല്ല രീതിയിൽ നിന്നെ ആരാധിക്കാനും എനിക്ക് ഉദവി ചെയ്യണമേ

- അല്ലാഹുവേ, നീ ക്ഷമിക്കുന്നവനും എന്നും ഔദാര്യമുള്ളവനും ക്ഷമിക്കുന്നവനുമാണ്
- അല്ലാഹുവേ,ഇബ്രാഹാമിനുംഅവന്റെകുടുംബത്തിനുംദിവ്യകൃപയും സമാധാനവും അനുഗ്രഹങ്ങളും നൽകിയിട്ടുള്ളതുപോലെ മുഹമ്മദിനും കുടുംബത്തിനും ദിവ്യകൃപയും സമാധാനവും അനുഗ്രഹങ്ങളും നൽകുക. കാരണം, നീ എല്ലാ സ്തുതിക്കും അർഹരാണ്, എക്കാലത്തും മഹത്വമുള്ളവൻ.

ഇതിനു ശേഷം നിങ്ങൾക്ക് അറബി ഭാഷയിലോ നിങ്ങളുടെ മാതൃഭാഷയിലോ പ്രാർത്ഥന തുടരാവുന്നതാണ്. നിസ്കാരത്തിലും, പുറത്തുമായി ഒരാൾക്ക് ഉപയോഗിക്കാൻ കഴിയുന്ന നിരവധി പ്രാർത്ഥനകൾ ഖുർആനിൽ പരാമർശിക്കുന്നുണ്ട്. ഉദാഹരണത്തിനായി അധ്യായം രണ്ടിലെ അവസാന ഭാഗം വായിക്കാം.

رَبَّنَا لَا تُؤَاخِذْنَآ إِن نَّسِينَآ أَوْ أَخْطَأْنَا ۚ رَبَّنَا وَلَا تَحْمِلْ عَلَيْنَآ إِصْرًا كَمَا
حَمَلْتَهُۥ عَلَى ٱلَّذِينَ مِن قَبْلِنَا ۚ رَبَّنَا وَلَا تُحَمِّلْنَا مَا لَا طَاقَةَ لَنَا بِهِۦ ۖ وَٱعْفُ
عَنَّا وَٱغْفِرْ لَنَا وَٱرْحَمْنَآ ۚ أَنتَ مَوْلَىٰنَا فَٱنصُرْنَا عَلَى ٱلْقَوْمِ ٱلْكَٰفِرِينَ

**റബ്ബനാ ലാ തുആഖിദ്ന ഇൻ നസീന ഔ അഖ്തഅ്നാ റബ്ബനാ വലാ തഹ് മിൽ അലൈന ഇസ്റൻ കമാ ഹമൽതഹു അലല്ല ദിന മിൻ കബ് ലിന, റബ്ബനാ വ ലാ തുഹമ്മിൽ നാ മലാ ത്വഖത ലനബി ഹി, വഅഫ് അന്നാ വഖ്ഫിർ ലനാ വർഹംനാ അൻത മൗലാന ഫൻസുർ നാ അലൽ കൗമിൽ കാഫിരീൻ**

**അല്ലാഹു ഒരാളോടും അയാളുടെ കഴിവിൽ പെട്ടതല്ലാതെ ചെയ്യാൻ നിർബന്ധിക്കുകയില്ല. ഓരോരുത്തർ പ്രവർത്തിച്ചതിന്റെ സൽഫലം അവരവർക്കുതന്നെ. ഓരോരുത്തർ പ്രവർത്തിച്ചതിന്റെ ദുഷ്ഫലവും അവരവരുടെ മേൽ തന്നെ. ഞങ്ങളുടെ നാഥാ, ഞങ്ങൾ മറന്നുപോകുകയോ, ഞങ്ങൾക്ക് തെറ്റുപറ്റുകയോ ചെയ്തുവെങ്കിൽ ഞങ്ങളെ നീ ശിക്ഷിക്കരുതേ. ഞങ്ങളുടെ നാഥാ, ഞങ്ങളുടെ**

**മേൽ നീ ചുമത്തിയതു പോലുള്ള ഭാരം ഞങ്ങളുടെ മേൽ നീ ചുമത്തരുതേ. ഞങ്ങളുടെ നാഥാ, ഞങ്ങൾക്ക് കഴിവില്ലാത്തത് ഞങ്ങളെ നീ വഹിപ്പിക്കരുതേ. ഞങ്ങൾക്ക് നീ മാപ്പുനൽകുകയും ഞങ്ങളോട് പൊറുക്കുകയും, കരുണ കാണിക്കുകയും ചെയ്യേണമേ. നീയാണ് ഞങ്ങളുടെ രക്ഷാധികാരി. അതുകൊണ്ട് സത്യനിഷേധികളായ ജനതയ്ക്കെതിരായി നീ ഞങ്ങളെ സഹായിക്കേണമേ.**

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ ٱسْتَعِينُوا۟ بِٱلصَّبْرِ وَٱلصَّلَوٰةِ
إِنَّ ٱللَّهَ مَعَ ٱلصَّٰبِرِينَ ١٥٣

**സത്യവിശ്വാസികളെ, നിങ്ങള്**
**സഹനവും നമസ്കാരവും**
**മുഖേന (അല്ലാഹുവിനോട്)**
**സഹായം തേടുക. തീര്ച്ചയായും**
**ക്ഷമിക്കുന്നവരോടൊപ്പമാകുന്നു**
**അല്ലാഹു. (ഖുര്ആന് 2:153)**

# അധ്യായം ഒൻപത് നിസ്കാരത്തിന്റെ ഘട്ടങ്ങൾ

നിസ്കാരനിർവഹണത്തിന്റെരൂപങ്ങൾഉൾപ്പെട്ടിട്ടുള്ളവിവിധഘട്ടങ്ങൾ ഇനിപ്പറയുന്ന പേജുകളിൽ വിശദീകരിക്കുന്നു. ഓരോ തരത്തിലുള്ള നിസ്കാരവും ഇനിപ്പറയുന്ന പട്ടികയിൽ കാണിച്ചിരിക്കുന്നതുപോലെ ഒരു നിശ്ചിത എണ്ണം റകാഅത്തുകൾ ഉൾക്കൊള്ളുന്നു. (1 മുതൽ 8 വരെയുള്ള ഘട്ടങ്ങൾ ഒരു റകാഅത്താകുന്നു)

| നിസ്കാരങ്ങൾ | റകാഅത്തുകൾ | ഘട്ടങ്ങൾ |
|---|---|---|
| സുബ്ഹി | 2 | 1-16 |
| ളുഹർ | 4 | 1-14, 2-16 |
| അസ്വർ | 4 | 1-14, 2-16 |
| മഗ് രിബ് | 3 | 1-14, 8-16 |
| ഇശാ ഇശാ | 4 | 1-14, 2-16 |
| ജുമുഅ നിസ്കാരം | 2 | 1-16 |
| സുന്നത്ത് നിസ്കാരങ്ങൾ | 2 | 1-16 |
| വിത്റ് നിസ്കാരം | 3 | 1-14, 8-16 |

ഒറ്റക്കായി നിസ്ക്കരിക്കുന്നവർ ഇനി പറയുന്ന രീതിയിലാണ് നിസ്ക്കരിക്കേണ്ടത്. സംഘടിതമായി നിസ്ക്കരിക്കുന്നവർ അധ്യായം അഞ്ച് കാണുക.

## നിസ്കാരത്തിന്റെ ഘട്ടങ്ങൾ:

**ഘട്ടം1:** സ്ത്രീകൾക്ക് എല്ലാ നിസ്കാരത്തിലും,പുരുഷന്മാർക്ക് സംഘടിത നിസ്കാരത്തിലും ഇഖാമ വേണ്ടതില്ല.

**സുബ്ഹി നിസ്കാരം: (രണ്ട് റകാ അത്തുകൾ, 1 - 16 വരെയുള്ള ഘട്ടങ്ങൾ ശ്രദ്ധിക്കുക.)**

**ഘട്ടം 2:**

നിങ്ങൾ വ്യക്തിപരമായിട്ടാണ് നിസ്ക്കരിക്കുന്നതെങ്കിൽ ഫാതിഹ സൂറത്ത് പാരായണം ചെയ്തതിനു ശേഷം ചെറിയ ഒരു സൂറത്ത്(അന്നാസ്, അൽ-കൗസർ, അൽ അസർ ) പാരായണം ചെയ്യുക.

**ഘട്ടം 8:**

നിങ്ങൾ വ്യക്തിപരമായിട്ടാണ് നിസ്ക്കരിക്കുന്നതെങ്കിൽ ഫാതിഹ സൂറത്ത് പാരായണം ചെയ്തതിനു ശേഷം ചെറിയ ഒരു സൂറത്ത്(അന്നാസ്, അൽ-കൗസർ, അൽ അസർ ) പാരായണം ചെയ്യുക.

**ഘട്ടം 14:**

രണ്ട് അത്തഹിയാത്ത് ഓതുക. ശേഷം ഘട്ടം 15, 16 ലേക്ക് പോവുക.

## ളുഹർ, അസ്വർ നമസ്കാരങ്ങൾ (1 - 14 വരെയുള്ള ഘട്ടവും, ഇനി പറയുന്ന 2- 16 വരെയുള്ള ഘട്ടവും ശ്രദ്ധിക്കുക)

**ഘട്ടം 14:**

ഒന്നാമത്തെ അത്തഹിയാത്ത് ഓതിയതിനു ശേഷം രണ്ടാമത്തെ റകാ അത്തിലേക്ക് അല്ലാഹു അക്ബർ എന്ന് പറഞ്ഞ് 2 മുതൽ 16 വരെയുള്ള ഘട്ടങ്ങൾ ചെയ്യുക. 14-മത്തെ ഘട്ടത്തിലെത്തുമ്പോൾ രണ്ടു അത്തഹിയ്യത്ത് ഓതുക. ശേഷം 15-16 ഘട്ടങ്ങളിലേക്ക് കടക്കുക.

### മഗ് രിബ് നിസ്കാരം(3 റകാഅത്ത്. ഒന്ന് മുതൽ 14 വരെ, 8മുതൽ 16 വരെ യുള്ള ഘട്ടങ്ങൾ ശ്രദ്ധിച്ചു ചെയ്യുക.

**ഘട്ടം 2:**

നി ങ്ങൾ വ്യക്തിപരമായിട്ടാണ് നിസ്ക്കരിക്കുന്നതെങ്കിൽ ഫാതിഹ സൂറത്ത് പാരായണം ചെയ്തതിനു ശേഷം ചെറിയ ഒരു സൂറത്ത്(അന്നാസ്, അൽ-കൗസർ, അൽ അസർ ) പാരായണം ചെയ്യുക

**ഘട്ടം 8:**

നി ങ്ങൾ വ്യക്തിപരമായിട്ടാണ് നിസ്ക്കരിക്കുന്നതെങ്കിൽ ഫാതിഹ സൂറത്ത് പാരായണം ചെയ്തതിനു ശേഷം ചെറിയ ഒരു സൂറത്ത്(അന്നാസ്, അൽ-കൗസർ, അൽ അസർ ) പാരായണം ചെയ്യുക.

**ഘട്ടം 14:**

ഒന്നാമത്തെ അത്തഹിയാത്ത് ഓതിയതിനു ശേഷം രണ്ടാമത്തെ റകാ അത്തിലേക്ക് അല്ലാഹു അക്ബർ എന്ന് പറഞ്ഞ് 8 മുതൽ 16 വരെയുള്ള ഘട്ടങ്ങൾ ചെയ്യുക. 14-മത്തെ ഘട്ടത്തിലെത്തുമ്പോൾ രണ്ടു അത്തഹിയ്യത്ത് ഓതുക. ശേഷം 15-16 ഘട്ടങ്ങളിലേക്ക് കടക്കുക..

### ഇശാ നിസ്കാരം (നാല് റകാഅത്ത്, ഘട്ടം 1-14, 2, - 16 വും ചെയ്യുക)

**ഘട്ടം 2:**

നി ങ്ങൾ വ്യക്തിപരമായിട്ടാണ് നിസ്ക്കരിക്കുന്നതെങ്കിൽ ഫാതിഹ സൂറത്ത് പാരായണം ചെയ്തതിനു ശേഷം ചെറിയ ഒരു സൂറത്ത്(അന്നാസ്, അൽ-കൗസർ, അൽ അസർ ) പാരായണം ചെയ്യുക

**ഘട്ടം 8:**

നി ങ്ങൾ വ്യക്തിപരമായിട്ടാണ് നിസ്ക്കരിക്കുന്നതെങ്കിൽ ഫാതിഹ സൂറത്ത് പാരായണം ചെയ്തതിനു ശേഷം ചെറിയ ഒരു സൂറത്ത്(അന്നാസ്, അൽ-കൗസർ, അൽ അസർ ) പാരായണം ചെയ്യുക.

**ഘട്ടം 14:**

ഒന്നാമത്തെ അത്തഹിയാത്ത് ഓതിയതിനു ശേഷം രണ്ടാമത്തെ റകാ അത്തിലേക്ക് അല്ലാഹു അക്ബർ എന്ന് പറഞ്ഞ് 8 മുതൽ 16 വരെയുള്ള ഘട്ടങ്ങൾ ചെയ്യുക. 14-മത്തെ ഘട്ടത്തിലെത്തുമ്പോൾ രണ്ടു അത്തഹിയ്യത്ത് ഓതുക. ശേഷം 15-16 ഘട്ടങ്ങളിലേക്ക് കടക്കുക.

ഘട്ടം
**1**

## മുന്നൊരുക്കം (ഇസ്തിഅ്ദാദ്)

ഇഖാമത്തു പാരായണം ചെയ്യുക *

നിയ്യത്തു ചെയ്യുക *

അല്ലാഹു അക്ബർ എന്ന് പറഞ്ഞു നിസ്കാരത്തിൽ പ്രവേശിക്കുക

വജ്ജഹത് ഓതുക

ഘട്ടം
**2**

## നിൽക്കുക(കിയാം)

ഫാതിഹ പാരായണം ചെയ്യുക. *



ഘട്ടം
**9**

## കുമ്പിടുക(റുകൂഅ്)

സുബ്ഹാന റബ്ബിയൽ അളിം എന്ന് മൂന്ന് തവണ പറയുക ( അല്ലാഹുവിന്റെ മഹത്വത്തെ ഞാൻ വാഴ്ത്തുന്നു)



കുനിയുമ്പോൾ "അല്ലാഹു അക്ബർ" എന്ന് പറയുക

ഘട്ടം
**10**

## നിൽക്കുക (കിയാം)

റബ്ബനാ വലകൽ ഹംദ് എന്ന് പറയുക.( റബ്ബേ, നിനക്കാണ് സ്തുതി)



റുകൂഉൗൽ നിന്ന് ഉയരുമ്പോൾ സമി അല്ലാഹു ലി മൻ ഹമിദ എന്ന് പറയുക.

* അടുത്ത പേജ് കാണുക.

ഘട്ടം
**3**

## കുമ്പിടുക(റുകൂഅ്)

സുബ്ഹാന റബ്ബിയൽ അളിം എന്ന് മൂന്ന് തവണ പറയുക ( അല്ലാഹുവിന്റെ മഹത്വത്തെ ഞാൻ വാഴ്ത്തുന്നു)



കുനിയുമ്പോൾ "അല്ലാഹു അക്ബർ" എന്ന് പറയുക

ഘട്ടം
**4**

## നിൽക്കുക (കിയാം)

റബ്ബനാ വലകൽ ഹംദ് എന്ന് പറയുക.



നിൽക്കാനായി സമി അല്ലാഹു ലി മൻ ഹമിദ എന്ന് പറയുക.

ഘട്ടം
**11**

## ഒന്നാമത്തെ സാഷ്ടാഗം(സുജൂദ്)

സുബ്ഹാന റബ്ബിയൽ അഅ്ല എന്ന് മൂന്ന് തവണ പറയുക.



സുജൂദ് ചെയ്യാനായി അല്ലാഹു അക്ബർ എന്ന് പറയുക

ഘട്ടം
**12**

## ഇരുത്തം( ജുലൂസ് )

ഈ ഇരുത്തം മൂന്നോ, നാലോ സെകന്റ് തുടരുക



ഇരിക്കാനായി അല്ലാഹു അക്ബർ എന്ന് പറയുമ്പോൾ

ഘട്ടം
**5**

### ഒന്നാം സുജൂദ്

സുബ്ഹാന റബ്ബിയൽ അഅ്ല എന്ന് മൂന്ന് തവണ പറയുക.



സുജൂദ് ചെയ്യാനായി അല്ലാഹു അക്ബർ എന്ന് പറയുമ്പോൾ

ഘട്ടം
**6**

### ഇരുത്തം ( ജുലൂസ് )

ഈ ഇരുത്തം മൂന്നോ, നാലോ സെകന്റ് തുടരുക



ഇരിക്കാൻ വേണ്ടി അല്ലാഹു അക്ബർ എന്ന് പറയുക

ഘട്ടം
**13**

### രണ്ടാം സുജൂദ്

സുബ്ഹാന റബ്ബിയൽ അഅ്ല എന്ന് മൂന്ന് തവണ പറയുക



സുജൂദ് ചെയ്യാൻ അല്ലാഹു അക്ബർ എന്ന് പറയുക

ഘട്ടം
**14**

### ഇരുത്തം (ജുലൂസ്)

അത്തഹിയാത്ത് ഓതുക *



ഇരിക്കാനായി അല്ലാഹു അക്ബർ എന്ന് പറയുക

* അടുത്ത പേജ് കാണുക.

ഘട്ടം 7

## രണ്ടാം സുജൂദ്

സുബ്ഹാന റബ്ബിയൽ അഅ്ല (അത്യുന്നതനായ ദൈവത്തിനു മഹത്വമുള്ളവൻ)എന്ന് മൂന്ന് തവണ പറയുക



**സുജൂദ് ചെയ്യാനായി അല്ലാഹു അക്ബർ എന്ന് പറയുക**

ഘട്ടം 8

## നിൽക്കുക

ഫാതിഹ ഓതുക *



**നിൽക്കാനായി അല്ലാഹു അക്ബർ എന്ന് പറയുക**

ഘട്ടം 15

## സലാം നിർവഹിക്കുക

മുഖം വലത്തോട്ട് തിരിക്കുക

അസ്സലാമു അലൈകും എന്ന് പറയുക



ഘട്ടം 16

## സലാം നിർവഹിക്കുക

മുഖം ഇടത്തോട്ട് തിരിക്കുക

വറഹ്മത്തുല്ലാഹ് എന്ന് പറയുക



* അടുത്ത പേജ് കാണുക

## ഇഖാമ

اللهُ أكبرُ (٤ مرات)
أشهَدُ أنَّ لا إله إلا الله (مرتين)
أشهَدُ أنَّ مُحَمّداً رَسولُ الله (مرتين)
حيَّ عَلى الصّلاة (مرتين)
حيَّ عَلى الفَلاح (مرتين)
قدِ قامتِ الصّلاة (مرتين)
اللهُ أكبرُ اللهُ أكبر ، لا إله إلا الله

അല്ലാഹു അക്ബർ, അല്ലാഹു അക്ബർ(2x)

അശ്ഹദു അന് ലാ ഇലാഹ ഇല്ലല്ലാഹ്(2x)

അശ്ഹദു അന്ന മുഹമ്മദ റസൂല്ലാഹ്(2x)

ഹയ്യ് അലൽ സ്വലാ(2x)

ഹയ്യ് അലാൽ ഫലാഹ്(2x)

കദ്കാമത്തി സ്വലാ(2x)

അല്ലാഹു അക്ബർ, അല്ലാഹു അക്ബർ ലാ ഇലാഹ ഇല്ലല്ലാഹ്

അല്ലാഹു മഹോന്നതൻ(നാല് പ്രാവശ്യം )

അല്ലാഹുവല്ലാതെ ആരാധനക്ക് അർഹനായി മറ്റാരുമില്ലെന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു. (രണ്ട് പ്രാവശ്യം )

മുഹമ്മദ് നബി (സ) അല്ലാഹുവിന്റെ ദൂതനാണെന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു(രണ്ട് പ്രാവശ്യം )

നിസ്കാരത്തിലേക്ക് വരുവിൻ,(രണ്ട് പ്രാവശ്യം

വിജയത്തിലേക്ക് വരുവിൻ,(രണ്ട് പ്രാവശ്യം)

നിസ്കാരം ആരംഭിച്ചു(രണ്ട് പ്രാവശ്യം)

അല്ലാഹു മഹോന്നതൻ (രണ്ട് പ്രാവശ്യം )

അവനല്ലാതെ മറ്റാരും ആരാധനക്കർഹൻ അല്ല.

## തവജ്ജൂഹ്

سُبحَانَكَ اللَّهُمَ وبِحمدِك ، تَبارَكَ
اسمُكَ ، وتَعالى جَدُّك ، وَلا إِلَهَ
غيرُك ، إنِّي وجَّهتُ وجهي ، للّذي
فَطَرَ السَّماواتِ والأرض ، حَنيفاً
ومَا أنا مِن المُشرِكين

സുബ്ഹാന കല്ലാഹുമ്മ വ ബി ഹംദിക തബാറക ഇസ്മുക, വ തആലാ ജദ്ദുക, വലാ ഇലാഹ ഗൈയിറുക ഇന്നി വജ്ജഹ്തു വ ജീഹ ലില്ലാഹ്. ഫതപറസ്സമാവാത്തി വൽ അർജ് ഹനീഫൻ മുസ്ലിമൻ വമാ അന മിനൽ മുശ് രിഖീൻ

മഹത്വവും സ്തുതിയും അല്ലാഹു വിനാണ്. നിന്റെ നാമം പരിശുദ്ധമാണ്. നിന്റെ മഹത്വം പരമോന്നതമാണ്. നീ അല്ലാതെ ആരാധനയ്ക്ക് യോഗ്യനായ ഒരു ദൈവമില്ല. ആകാശത്തെയും ഭൂമിയെയും സർജ്ജന ക്രിയ നടത്തിയ, എല്ലാ വ്യാജമതങ്ങളെയും ഒഴിവാക്കി, യഥാർത്ഥ മതം അവകാശപ്പെടുന്നവനിലേക്ക് ഞാൻ മുഖം തിരിക്കുന്നു, ഞാൻ തീർച്ചയായും ബഹുദൈവ വിശ്വാസികളിൽ പെട്ടവനല്ല.

## തഹിയാത്ത് ഒന്ന്

التَّحِيَّاتُ المُبارَكاتُ للهِ والصَّلَواتُ
الطَّيِّبات ، السَّلامُ عَليكَ أيُّها النَّبي
وَرَحمَةُ اللهِ وبَرَكاتُه ، السَّلامُ عَلينا
وَعَلى عِبَادِ اللهِ الصَّالِحين ، أشهَدُ أنَ
لا إلهَ إلّا الله وَأشهَدُ أنَ مُحَمَّداً عبدُهُ
وَرَسولُه

അത്തഹിയാത്തുൽ
മുബാറകാത്തു വ സ്വല
വാതു വത്വയ്യിബാത്തു
അസ്സലാമ അലയ്ക
അയ്യുഹന്നബിയ്യു
വ റഹ്മത്തുല്ലാഹി
വ ബറകാതു ഹു
അസ്സലാമു അലൈ നാ
വ അല ഇബാദില്ലാഹി
സ്വാലീഹീന് അശ്ഹദു
അൻ ലാ ഇലാഹ
ഇല്ലല്ലാഹ് വ അശ്ഹദു
അന്ന മുഹമ്മദൻ അബ്ദു
ഹു വ റസൂലുഹു

അനുഗ്രഹിതമായ എല്ലാ
അഭിവാദ്യങ്ങളും തിരുമുൽ
കാഴ്ച്ചകളും സൽകർമ്മങ്ങളും
അല്ലാഹുവിനാണ്.
പ്രവാചകരേ, നിങ്ങൾക്ക്
സമാധാനം ഉണ്ടാക്കട്ടെ,
നമുക്കും അല്ലാഹുവിന്റെ
സദ്ഗുണ ദാസന്മാർക്കും
സമാധാനം ഉണ്ടാകട്ടെ.
അല്ലാഹുവല്ലാതെ
ആരാധനയ്ക്ക് അർഹനായ
ഒരു ദൈവമില്ലെന്ന് ഞാൻ
സാക്ഷ്യം വഹിക്കുന്നു,
മുഹമ്മദ് അവന്റെ ദാസനും
ദൂതനുമാണെന്ന് ഞാൻ
സാക്ഷ്യം വഹിക്കുന്നു.

## തഹിയാത്ത് രണ്ട്

اللَّهُمَّ صَلِّ عَلى مُحَمّد وَعلى آلِ
مُحَمّد ، كَما صَلّيتَ عَلى إبراهيمَ
وعَلى آلِ إبراهيم ، وَبارِك عَلى
مُحَمّد وعَلى آلِ مُحَمّد ، كَما بارَكتَ
عَلى إبراهيمَ وعَلى آلِ إبراهيمَ في
العَالَمينَ إنَّكَ حميدٌ مَجيد . رَبَّنَآ ءَاتِنَا
فِى ٱلدُّنْيَا حَسَنَةً وَفِى ٱلْأَخِرَةِ حَسَنَةً
وَقِنَا عَذَابَ ٱلنَّارِ.

അല്ലാഹുമ്മ സല്ലി അല
മുഹമ്മദ് വ അല ആ ലി
മുഹമ്മദ് കമാ സല്ലയ്ത അല
ഇബ്റാഹീം വ അല ആലി
ഇബ്റാഹിം വ ബാരിക് അല
മുഹമ്മദ് വ അലാ ആലി
മുഹമ്മദ് കമാ ബാറകത്ത അലാ
ഇബ്റാഹിം വ അലാ ആലി
ഇബ്റാഹിം ഫിൽ ആലമീന
ഇനക്ക ഹമീദുൻ മജീദ്. റബ്ബനാ
ആതിനാ ഫിദ്ദുനിയ്യ ഹസന
വഫിൽ ആഖിറത്തി ഹസന
തൻ വ ഖിനാ അദാബൻ നാറ്

അല്ലാഹുവേ! ഇബ്രഹിമിനും
ഇബ്രഹിമിന്റെ കുടുംബത്തിനും നീ
സമൃദ്ധി നൽകിയതുപോലെ മുഹമ്മദിനും
മുഹമ്മദിന്റെ കുടുംബത്തിനും നിന്റെ
സമൃദ്ധി നൽകണമേ. ജനതക്കിടയിൽ
അബ്രഹാമിനും അബ്രഹാമിന്റെ
കുടുംബത്തിനും നീ അനുഗ്രഹം
നൽകിയതുപോലെ മുഹമ്മദിനും
മുഹമ്മദിന്റെ കുടുംബത്തിനും
നിന്റെ അനുഗ്രഹം നൽകണമേ,
നീ സ്തുതിക്കപ്പെടേണ്ടവനും,
മഹത്വവുമുള്ളവനുമാണ്. ഞങ്ങളുടെ
നാഥാ! ഈ ലോകത്തും പരലോകത്തും
ഞങ്ങൾക്ക് നീ നന്മ പ്രധാനം ചെയ്യണമേ,
നരകാഗ്നിയുടെ നാശത്തിൽ നിന്ന് ഞങ്ങളെ
കാത്തുസൂക്ഷിക്കണമേ.

## സൂറത്തുൽ ഫാതിഹ

بِسْمِ اللَّـهِ الرَّحْمَـٰنِ الرَّحِيمِ
الْحَمْدُ لِلَّـهِ رَبِّ الْعَالَمِينَ * الرَّحْمَـٰنِ الرَّحِيمِ * مَالِكِ يَوْمِ الدِّينِ * إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِينُ * اهْدِنَا الصِّرَاطَ الْمُسْتَقِيمَ * صِرَاطَ الَّذِينَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوبِ عَلَيْهِمْ وَلَا الضَّالِّينَ

ബിസ്മില്ലാഹി റഹ്മാനി റഹിം.

അൽഹാംദു ലില്ലാഹി റബ്ബി ലഅലാമിൻ, അർറഹ്മാനി റഹിം, മാലികി യൗമിദ്ദീൻ, ഇയാക നാ 'അബുദു വ ഇയക നസ്തഈൻ, ഇഹ്ദിന സിറാതാൽ മുസ്തക്കിം, സിസിറാത ലദീന അൻ അമത അലിഹിം, ഖൈറിൽ മഗ്ളൂബി അലൈഹിം. വലള്ളാലീൻ ആമീൻ

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

(1)സ്തുതി സർവ്വലോക പരിപാലകനായ അല്ലാഹുവിന്നാകുന്നു. (2)പരമകാരുണികനും കരുണാനിധിയും. (3)പ്രതിഫല ദിവസത്തിന്റെ ഉടമസ്ഥൻ. (4)നിന്നെ മാത്രം ഞങ്ങൾ ആരാധിക്കുന്നു. നിന്നോട് മാത്രം ഞങ്ങൾ സഹായം തേടുന്നു. (5)ഞങ്ങളെ നീ നേർമാർഗത്തിൽ ചേർക്കേണമേ. (6)നീ അനുഗ്രഹിച്ചവരുടെ മാർഗത്തിൽ. കോപത്തിന്ന് ഇരയായവരുടെ മാർഗത്തിലല്ല. (7)പിഴച്ചുപോയവരുടെ മാർഗത്തിലുമല്ല.

## സൂറത്തുന്നാസ്

بِسْمِ اللَّـهِ الرَّحْمَـٰنِ الرَّحِيمِ

قُلْ أَعُوذُ بِرَبِّ النَّاسِ * مَلِكِ النَّاسِ * إِلَـٰهِ النَّاسِ * مِن شَرِّ الْوَسْوَاسِ الْخَنَّاسِ * الَّذِي يُوَسْوِسُ فِي صُدُورِ النَّاسِ * مِنَ الْجِنَّةِ وَالنَّاسِ

ബിസ്മില്ലാഹി റഹ്മാനി അറഹിം. കുൽ അ ഉദുബിറബ്ബിന്നാസ്, മലിക്കിന്നാസ് ഇലാഹിന്നാസ്, മിൻ ശറിൽ വസ് വാനിൽ ഖന്നാസ് അല്ലദി യുവസ് വി സു ഫീസുദുരീന്നാസ്.

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

1. പറയുക : മനുഷ്യരുടെ രക്ഷിതാവിനോട് ഞാൻ ശരണം തേടുന്നു . മനുഷ്യരുടെ രാജാവിനോട് , പി , മനുഷ്യരുടെ ദൈവത്തോട് . 4 , ദുർബോധനം നടത്തി പിൻമാറിക്കളയുന്നവരെക്കൊണ്ടുള്ള കടുതിയിൽ നിന്ന് , 5 , മനുഷ്യരുടെ ഹൃദയങ്ങളിൽ ദുർബോധനം നടത്തുന്നവർ , 6. മനുഷ്യരിലും ജിന്നുകളിലും പെട്ടവർ ,சேர்ந்தவனாயினும் சரியே (6).

## സൂറത്തുൽ ഇഖ്ലാസ്

بِسْمِ اللَّـهِ الرَّحْمَـٰنِ الرَّحِيمِ

قُلْ هُوَ اللَّـهُ أَحَدٌ * اللَّـهُ الصَّمَدُ* لَمْ يَلِدْ
وَلَمْ يُولَدْ * وَلَمْ يَكُن لَّهُ كُفُوًا أَحَدٌ

1.
കുൽഹുവല്ലാഹു
അഹദ് അള്ളാഹു
സമദ് ലം യലിദ് വലം
യൂലദ് വലം യകൂല്ലഹു
കുഫുവൻ അഹദ്

പരമകാരുണികനും
കരുണാനിധിയുമായ
അല്ലാഹുവിന്റെ
നാമത്തിൽ

1. ( നബിയേ , ) പറയുക
: കാര്യം അല്ലാഹു
ഏകനാണ് എന്നതാകുന്നു
. 2. അല്ലാഹു ഏവർക്കും
ആശയമായിട്ടുള്ളവനാകുന്നു
. 3. അവൻ ( ആർക്കും )
ജൻമം നൽകിയിട്ടില്ല .
(ആരുടെയും സന്തതിയായി
) ജനിച്ചിട്ടുമില്ല . 4 ,
അവന് തുല്യനായി ആരും
ഇല്ലതാനും

## സൂറത്തുൽ അസ്വർ

بِسْمِ اللَّـهِ الرَّحْمَـٰنِ الرَّحِيمِ

وَٱلْعَصْرِ * إِنَّ ٱلْإِنسَـٰنَ لَفِى خُسْرٍ * إِلَّا
ٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟ ٱلصَّـٰلِحَـٰتِ وَتَوَاصَوْا۟
بِٱلْحَقِّ وَتَوَاصَوْا۟ بِٱلصَّبْرِ

ബിസ്മില്ലാഹി റഹ്മാനി
അറഹീം

വൽ അസ്വർ ഇന്നൽ
ഇൻസാന ലഫി ഖുസർ.
ഇല്ലല്ലദീന ആമനു വ
അമിലു സ്വാലിഹത്തി
വതവസൗ ബിൽ ഹഖ്
വതവാ സൗ ബി സ്വബർ

പരമകാരുണികനും
കരുണാനിധിയുമായ
അല്ലാഹുവിന്റെ
നാമത്തിൽ

1 , കാലം തന്നെയാണ് സത്യം
, 2. തീർച്ചയായും മനുഷ്യൻ
നഷ്ടത്തിൽ തന്നെയാകുന്നു
; 3. വിശ്വസിക്കുകയും
സൽകർമ്മങ്ങൾ
പ്രവർത്തിക്കുകയും , സത്യം
കൈക്കൊള്ളാൻ അന്യോന്യം
ഉപദേശിക്കുകയും ക്ഷമ
കൈക്കൊള്ളാൻ അന്യോന്യം
ഉപദേശിക്കുകയും
ചെയ്തവരൊഴികെ .

# നിസ്കാരത്തിന്റെ പവിത്രത

عَـنْ أَبِـي هُرَيْـرَةَ، قَـالَ قَـالَ رَسُـولُ اللَّهِ ـ صلـى الله عليـه وسـلم ـ « إِذَا تَوَضَّـأَ أَحَدُكُـمْ فَأَحْسَـنَ الْوُضُـوءَ ثُـمَّ أَتَـى الْمَسْجِدَ لاَ يَنْهَـزُهُ إِلاَّ الصَّـلاَةُ لاَ يُرِيـدُ إِلاَّ الصَّـلاَةَ لَـمْ يَخْـطُ خَطْـوَةً إِلاَّ رَفَعَـهُ اللَّهُ بِهَـا دَرَجَـةً وَحَـطَّ عَنْـهُ بِهَـا خَطِيئَـةً حَتَّـى يَدْخُـلَ الْمَسْجِدَ فَـإِذَا دَخَـلَ الْمَسْجِدَ كَانَ فِـي صَـلاَةٍ مَـا كَانَـتِ الصَّـلاَةُ تَحْبِسُـهُ » .

**അബൂഹുറൈറ പറഞ്ഞു:**

"' തിരു പ്രവാചകൻ(സ) പറഞ്ഞു: നിങ്ങളിൽ ഒരാൾ നല്ല രീതിയിൽ വുളൂഅ് നിർവഹിച്ചു. ശേഷം നിസ്കാരത്തിനായി പള്ളിയിലേക്ക് നടന്നു. അവനിൽ മറ്റൊരു ഉദ്ദേശവും ഇല്ല. എങ്കിൽ അവന്റെ ഒരോ ചവിട്ടടികൾക്ക് ഒരോ പദവി ഉയർത്തുകയും, അവന്റെ പാവങ്ങൾ പെറുക്കപ്പെടുകയും ചെയ്യുന്നതാണ്. പള്ളിയിൽ പ്രവേശിച്ച് നിസ്കാരത്തിനു വേണ്ടി കാത്തിരിക്കുന്ന സമയത്തെല്ലാം അവൻ നിസ്കാരത്തിൽ തന്നെയാണ്.

(ഇബ്നു മാജ നിവേദനം ചെയ്തതാണ് ഈ ഹദീസ്)

عَـنْ أَبِـي هُرَيْـرَةَ، قَـالَ قَـالَ رَسُـولُ اللَّهِ صلـى الله عليـه وسـلم » أَفْضَـلُ الصِّيَـامِ بَعْـدَ شَـهْرِ رَمَضَـانَ شَـهْرُ اللَّهِ الْمُحَـرَّمُ وَإِنَّ أَفْضَـلَ الصَّـلاَةِ بَعْـدَ الْمَفْرُوضَـةِ صَـلاَةٌ مِـنَ اللَّيْـلِ » .

**അബൂഹുറൈറ നിന്ന് ഉദ്ധരണി**

അല്ലാഹുവിന്റെ റസൂൽ (ﷺ) പറഞ്ഞു: റമളാനിനു ശേഷം വ്രതത്തിന് ഏറ്റവും മികച്ച മാസം അല്ലാഹുവിന്റെ മാസമായ അൽ മുഹറമാണ്, അഞ്ചു നേരത്തെ നിർബന്ധ നിസ്കാരത്തിനു ശേഷം ഏറ്റവും പുണ്യമേറിയ നിസ്കാരം രാത്രിയിലെ നിസ്കാരമാണ്.

**(അബൂദാവൂദ്)**

# അധ്യായം പത്ത് നിഘണ്ടു

| | |
|---|---|
| **അൽ- ഫാതിഹ** | ഖുർആനിലെ പ്രഥമ അധ്യായം |
| അൽ ആദാൻ | നിസ്കാരത്തിലേക്കുള്ള ക്ഷണം. |
| ഔറത്ത് | ശരീരത്തിലെ രഹസ്യ ഭാഗങ്ങൾ |
| ളുഹർ | ഉച്ച സമയത്തെ നിസ്കാരം |
| ഫജർ | പ്രഭാത നിസ്കാരം |
| ഫർള് | നിർബന്ധ നിസ്കാരം(ഇസ്ലാമിൽ നിർബന്ധമായി ചെയ്യേണ്ട പ്രവൃത്തികൾ ). |
| ഇമാം | സംഘടിത നിസ്കാരത്തെ നിയന്ത്രിക്കുന്ന നേതാവ്. |
| ഇഖാമ | സംഘടിത നിസ്കാരം തുടങ്ങാൻ വേണ്ടിയുള്ള വിളി. |
| ഇശാ | രാത്രി നിസ്കാരം. |
| കഅബ | മക്കയിലെ മസ്ജിദുൽ ഹറാമിൽ നിലകൊള്ളുന്ന വിശുദ്ധ ഭവനം അതിന്റെ പുറം കറുത്ത കില്ലകളാൽ അനാവരണം ചെയ്യപ്പെട്ടിരിക്കുന്നു '. |
| ഖുതുബ | വെള്ളിയാഴ്ച്ച ഇമാം നടത്തുന്ന പ്രഭാഷണം (അല്ലങ്കിൽ ഈദ് ദിനത്തിൽ നടത്തുന്ന പ്രഭാഷണം). |
| മഗ് രിബ് | സൂര്യാസ്തമയത്തിന ശേഷമുള്ള നിസ്കാരം |
| മുഅദ്ദിൻ | നിസ്കാരത്തിലേക്ക് ക്ഷണിക്കാനായി (വാങ്ക് )വിളിക്കുന്നവൻ |
| നജാസ | രക്തം, മൂത്രം പോലെയുള്ള മ്ലേച്ചമായ വസ്തുക്കൾ. |
| നിയ്യത്ത് | ഒരു പ്രവൃത്തി ചെയ്യുന്നതിന് മുമ്പായി ഹൃദയത്തിൽ നടത്തുന്ന ദൃഢമായ കരുത്ത്. |
| കിബ് ല | മുസ് ലിംകൾ നിസ്ക്കരിക്കുമ്പോൾ അഭിമുഖമായി നിൽക്കുന്ന പെതുവായ ദിശ. |

| | |
|---|---|
| റകാഅത്ത് | നിർത്തം, കുമ്പിടൽ, പ്രമാണം അടങ്ങുന്ന നിസ്കാരത്തിലെ ഒരു ചക്രമാണ് റകാഅത്ത്. |
| സുന്നത്ത് | നിർബന്ധമല്ലത്തതായ നിസ്കാരം ( ഇസ് ലാമിൽ ഐച്ഛികമായ നിസ്കാരം). |
| സൂറത്ത് | ഖുർആനിലെ ഒരു അധ്യായം |
| ത്വഹാറ | ആചാരപരമായ ശുദ്ധീകരണം. |
| തറാവീഹ് | ഇശാ നിസ്കാരത്തിനു ശേഷം റമളാൻ മാസത്തിൽ നിർവഹിക്കുന്ന ഐച്ഛിക നമസ്കാരം. |
| തയമ്മും | ശുദ്ധമായ മണ്ണ് ഉപയോഗിച്ച് നിർവഹിക്കുന്ന വുളൂഅ് |
| വിത്റ്. | ഇശാ നിസ്കാരത്തിന് ശേഷം ഒന്നോ, മൂന്നോ റകാഅത്തുകളിലായി നിർവഹിക്കുന്ന നിസ്കാരം. |
| വുളൂഅ് | അംഗസ്നാനം, ആരാധനയുടെ മുന്നോടിയായി ചില അവയവങ്ങൾ പ്രത്യേക രീതിയിൽ കഴുകുക. |



# الصلاة

## باللغة المالايالامية

Islamic Information Center


مركز التعريف بالإسلام

**ഇസ് ലാമിക് ഇൻഫ്രമേഷൻ സെൻറർ**

സുൽത്താൻ കാബൂസ് ഗ്രാൻ്റ് മസ്ജിദ് മസ്കത്ത്
ഒമാൻ